Registered No. M-4485 Madras War Review, Malayalam—3-11-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 നവെമ്പർ 3-ാംനു, വെള്ളിയാഴ്ച [ലക്കം 9

## റഷ്യയ്ക്കു് ആശംസകൾ

### നവെമ്പർ 7-ാംനു- സോവിയററ് ദിനം



ഒരു സോവിയററ് വൈമാനികൻ

## വിഷയവിവരം


| | ഭാഗം |
|---|---|
| റഷ്യയ്ക്ക് ആശംസകൾ .. .. .. | 1 |
| ബ്രിട്ടനും റഷ്യയും തമ്മിലുള്ള ബന്ധം .. .. | 2 |
| കാഹളധ്വനി (പദ്യം) .. .. .. | 2 |
| നമ്മുടെ സഖാക്കളും സുഹൃത്തുക്കളുമായ റഷ്യക്കാർ .. | 3, 16 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 4-5 |
| മാർഷൽ ടിറ്റോ .. .. .. | 6-8 |

| | ഭാഗം |
|---|---|
| പങ്കജമ്മാമന്റെ പാരമ്പര്യം (ചെറുകഥ) .. | 8 |
| മിക്കൈൽ കാലിനിൻ .. .. .. | 9 |
| യുദ്ധം കഴിഞ്ഞാൽ .. .. .. | 10-12 |
| അവളുടെ മറുപടി (പദ്യം) .. .. | 13 |
| റഷ്യോ-ജർമ്മൻ യുദ്ധം .. .. .. | 14-16 |


# ബ്രിട്ടനും റഷ്യയും തമ്മിലുള്ള ബന്ധം

## "വളരെയധികം സൌഹാർദ്ദപരമാണ്"

"ബ്രിട്ടൻ, അമേരിക്ക, സോവിയറ്റ് റഷ്യ എന്നീ മൂന്നു മഹൽശക്തികൾ തികച്ചും വ്യത്യസ്തമായ വിധത്തിലാണ് കിടക്കുന്നത്. അവരുടെ ആയുധബലത്താൽ ഇന്നും ഈ ശക്തികൾ പല രാജ്യങ്ങളിലേയ്ക്കും കടന്നു കഴിഞ്ഞിരിക്കുന്നു. ഈ രാജ്യങ്ങളെയെല്ലാംപററി മൂന്നു മഹാശക്തികൾക്കും ഒന്നിലധികം അഭിപ്രായങ്ങൾ ഉണ്ടായിക്കൂടെന്നു പ്രതീക്ഷിക്കാൻ പാടില്ല.

എന്നാൽ ഒരു സവിശേഷമായ വസ്തുത, ഇതേവരേയും വളരെ ദൃഢതയിലും ശാന്തതയിലുമാണ് ഈ ശക്തികൾ വർത്തിച്ചുവന്നിട്ടുള്ളത്. ഈ രീതി പൊടുന്നനവെ പൊട്ടിപ്പുറപ്പെടുന്നില്ല. അതിന്നു തുടരെത്തുടരെയുള്ള പരിശ്രമവും ശ്രദ്ധയും ആവശ്യമാണ്.



നമ്മുടെ മുൻപിൽ വളരെ പ്രശ്നങ്ങളുണ്ട്. ദൂരം, സന്ദർഭം, ഇവയെ സംബന്ധിച്ച പ്രശ്നങ്ങൾ. അതായതു, ഒരേസമയത്തു ഈ മുഖ്യമായ മൂന്നു സഖ്യരാജ്യങ്ങളിലേയും തലവന്മാർ ഒപ്പമിരുന്നു കൂടിയാലോചന ചെയ്യുന്നതിന്നു മേല്പറഞ്ഞ പ്രതിബന്ധങ്ങളുണ്ട്. ഈ സംഗതി ഞാൻ പലപ്പോഴും പ്രസ്താവിച്ചിട്ടുമുണ്ട്. തന്മൂലം ഒരു സഞ്ചാരിയായ പാട്ടുകാരനെപ്പോലെ, പലപ്പോഴും രാജസദസ്സുകളിലേയ്ക്ക്, ഒരേ സ്വരത്തിലുള്ള ഒരേ പാട്ടോടുകൂടിത്തന്നെ, പോവുന്നതിന്നു ഞാൻ മടിച്ചിട്ടില്ല.

### ലോകത്തിന്റെ ഭാവി ഈ ഐക്യത്തിന്മേൽ

ഈ മൂന്നു ദേശങ്ങളുടെ ഏകീകൃതമായ പ്രവർത്തനത്തിന്മേലാണ് ലോകത്തിന്റെ ഭാവി സ്ഥിതിചെയ്യുന്നതു്. ഇന്നത്തെപ്പോലെ സോവിയററു റഷ്യയും ബ്രിട്ടനും തമ്മിലുള്ള ബന്ധം അത്ര ആത്മാർത്ഥവും, സൌഹാർദ്ദപരവുമായി, ഒരിക്കലും ഉണ്ടായിട്ടില്ലെന്നു നിങ്ങളെ അറിയിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഇക്കഴിഞ്ഞ കൂടിയാലോചനകളിൽ വളരെ തുറന്ന് ആത്മാർത്ഥമായി പല പ്രശ്നങ്ങളെപ്പററിയും ഞങ്ങൾ ആലോചിക്കുകയുണ്ടായി. മുമ്പൊരിസ്സലും, ഇത്ര സ്വതന്ത്രമായ ഒരു സംഭാഷണരീതി ഉണ്ടായിട്ടില്ല. വിഷമം പിടിച്ചതും കുഴഞ്ഞു മറിഞ്ഞു കിടക്കുന്നതുമായ പ്രശ്നങ്ങളായിരുന്നു അവ.

### പറയേണ്ടതില്ല തന്നെ

ഞങ്ങൾക്കു യോജിക്കാൻ വയ്യാത്ത സംഗതികളിൽ, ഞങ്ങൾ അന്യോന്യം ഓരോരുത്തർക്കുമുള്ള വാദമുഖങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ, വളരെയധികം കാര്യങ്ങളിൽ ഞങ്ങൾ യോജിക്കയാണു ചെയ്തിട്ടുള്ളതു്. ആശ്വാസാവഹമായ ഒരു സംഗതിയാണിതു്.

ഹിററ്ലറുടെ ജർമ്മനിയ്ക്കെതിരായുള്ള യുദ്ധത്തിൽ പരിപൂർണ്ണവിജയം കൈവരുന്നവരേയ്ക്കും ഞങ്ങൾ തികച്ചും ഐക്യതയോടെ വർത്തിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഈ ഉദ്ദേശത്തിന്നായി ഞങ്ങളുടെ ബലവും, ഉത്സാഹവും, സാമഗ്രികളും അവസാനംവരെ ഉപയോഗിക്കുന്നതിന്നു സന്നദ്ധമാണ്. അവരുടെ യുദ്ധതന്ത്രത്തെ മുഴുവനും നശിപ്പിക്കുന്ന സഖ്യശക്തികൾക്കിടയിൽ ഒരു നേരിയ ഭിന്നിപ്പെങ്കിലും ഉണ്ടാവുമെന്നുള്ള ജർമ്മൻകാരുടെ ആശ അവരുടെ ഹൃദയത്തിൽക്കിടന്നുതന്നെ നശിയ്ക്കട്ടെ."

—മി: വിൻസ്റ്റൺ ചർച്ചിൽ, 1944 ഒക്ടോബർ 27-ാം തിയ്യതി പാർലിമെണ്ടിൽ ചെയ്ത പ്രസംഗത്തിൽനിന്ന്.

## കാഹളധ്വനി

(പി. കെ. കുഞ്ഞിരാമൻ പണിക്കർ)

നോക്കുവിനല്ലോ ശക്തിതൻ വൈഭവം
ദിക്കുകൾ ഞെട്ടിയുണരും മട്ടിൽ.
തോക്കുകളേന്തി നടക്കും ഭടന്മാർക്ക-
ുള്ളുക്കുകൾ കണ്ടാൽ നടുങ്ങുമല്ലോ
പോർക്കള ജീവിതമായത്തമാക്കിയ
ചൊൽക്കൊണ്ട നാട്ടിന്നവകാശികൾ,

സാമ്രാജ്യഭീഷണിയേൽക്കുമൊ, ജാപ്പാന്റെ
കന്മഷമിങ്ങു ഫലിച്ചിടുമോ ?
ഫാസിസത്തിന്റെ പകിട്ടിൽ ഭ്രമിക്കുമോ
ദോഷരഹിതരി ഭാരതീയർ ?
തിന്മയോടേററു പൊരുതിമരിക്കുന്ന
മേന്മയിൽ ജീവിക്കും ഭാരതത്തിൽ,

ഉത്സാഹശക്തി തന്നോളങ്ങൾ പായട്ടെ
വത്സലന്മാരായ വീരന്മാരിൽ.
കേൾക്കട്ടെ ഞാനിന്നതക്കാഹളധ്വനി
ചേർക്കട്ടെ ധൈര്യമെൻ നാട്ടുകാരിൽ !
വിസ്മയപ്പെട്ടു വിറച്ചുപോയിടട്ടെ
കശ്മലർ ജാപ്പു പടയാളികൾ !!

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1944 നവെമ്പർ 3-ാംനു, വെള്ളിയാഴ്ച


## നമ്മുടെ സഖാക്കളും സുഹൃത്തുക്കളുമായ റഷ്യക്കാർ

നവെമ്പർ 7-ാംനു ചൊവ്വാഴ്ച റഷ്യക്കാരുടെ ദേശീയദിനമാണ്. ഇരുപത്തേഴ കൊല്ലങ്ങളോളമായി, റഷ്യയിൽ അഭിവൃദ്ധിപ്പെട്ടുവന്ന അത്ഭുതാവഹമായ വൈയവസായികപുരോഗമനവും, സംഘടനാചാതുരിയും, റഷ്യക്കും, അതേപോലെ ലോകത്തിന്നുതന്നെയും അഭിമാനജനകമാണ്. റഷ്യക്കാരാണ്, സഖ്യശക്തികൾ അഭിമുഖീകരിക്കുന്നതിലുമധികം ശത്രുസേനകളോടു ഇടപെടുന്നതും, അവരെ അടിച്ചുപായിക്കുന്നതും. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളോളമായി നാസികൾക്കെതിരായ ഏററവും കഠിനവും നഷ്ടം പാററിയതുമായ കരയുദ്ധത്തിൽ കിടഞ്ഞുപൊരുതി ഈ യുദ്ധത്തിൽ ഏററവും വലിയ ഒരു പങ്കു നിർവ്വഹിച്ചതു് റഷ്യൻ ജനതയാണ്. സപ്തെമ്പർ 28-ാംനു പ്രധാനമന്ത്രി ചർച്ചിൽ പ്രസ്താവിച്ച ഈ സംഗതികളെ ലോകമാസകലം സമ്മതിച്ചുകൊടുക്കുന്നതാണ്.

ഇന്നു ബ്രിട്ടനും റഷ്യയും തമ്മിലുള്ള സൌഹാർദ്ദത ഏററവും സവിശേഷവും സുദൃഢവുമാണ്. ഒരു പൊതുലക്ഷ്യത്തിന്നുവേണ്ടി അഭിപ്രായവ്യത്യാസങ്ങൾ മറഞ്ഞുമാഞ്ഞുപോകുന്നതിൻെറ ഒരു ഉദാഹരണമാണ് ഈ സൌഹാർദ്ദം. ചങ്ങാതിത്വത്തിൻെറ അടിസ്ഥാനത്തിന്മേലാണ് വിജയകരമാംവിധം യുദ്ധം ചെയ്യുന്നതിന്നു സാദ്ധ്യമായിട്ടുള്ളതുതന്നെ. ലോകത്തിൽ ശാശ്വതമായ ഒരു സമാധാനം സ്ഥാപിക്കുന്നതിന്നു വേണ്ടി, യുദ്ധാനന്തരവും ഈ യോജിപ്പും ഐക്യതയും നിലനില്ക്കുന്നതുമായിരിക്കും.

ഹിററ്ലർ 1941 ൽ റഷ്യയെ ആക്രമിച്ചതു് ആയാൾക്കു പററിയ വങ്കത്തങ്ങളിൽ ഏററവും വമ്പിച്ച ഒന്നത്രെ. അന്നുമുതൽ ആയാളുടെ തന്ത്രങ്ങളെല്ലാം താറുമാറായിത്തുടങ്ങി; സൈന്യങ്ങൾക്കു കടുത്ത നഷ്ടങ്ങൾ വന്നുകൂടി. അതു കൂടാതെ ലോകത്തിന്നു മുഴുവനും, ഈ യുദ്ധത്തിൽ അന്തർഭവിച്ചിരിക്കുന്ന പ്രധാന കാര്യങ്ങളെന്തെല്ലാമാണെന്നു തികച്ചും വ്യക്തമാവുകയും ചെയ്തു. മി: ചർച്ചിൽ—ആംഗ്ലോ-സോവിയററ് ബന്ധത്തിന്നുവേണ്ടി അദ്ദേഹം ഒട്ടധികം പ്രയത്നിച്ചിട്ടുണ്ടെന്നുകൂട്ടത്തിൽ പ്രസ്താവയോഗ്യമാണ്—ഈ കാര്യങ്ങളെ ഇങ്ങിനെ ചുരുക്കി പറഞ്ഞു : "ജനകീയരാഷ്ട്രങ്ങളുടെ പരിശ്രമത്തിന്നും, ദ്രവ്യനിശ്ചയത്തിന്നും ഹിററ്ലർ സോവിയററ് യൂനിയനെ ആക്രമിച്ചമൂലം, വല്ല കോട്ടമോ, വ്യത്യാസമോ വരുമെന്നു ഹിററ്ലർ ഉദ്ദേശിക്കുന്നുവെങ്കിൽ, ആയാൾ വെറും അബദ്ധം ചെയ്യുകയാണ്."

റഷ്യക്കാരും ബ്രിട്ടീഷുകാരുമായ ജനങ്ങളെ ഐക്യപ്പെടുത്തിയതിന്നു നമുക്കു ഈ യുദ്ധത്തോടു നന്ദിപറയുകതന്നെ വേണം. 1941 ജൂലായി 13-ാംനു മോസ്കോവിൽവെച്ചു് ഹിററ്ലരുടെ ജർമ്മനിക്കെതിരായി അന്യോന്യസഹായത്തെ രേഖപ്പെടുത്തിയ ഉടമ്പടി ഒപ്പിട്ടു. രണ്ടുമാസത്തിന്നുശേഷം വീണ്ടും ഈ രണ്ടു രാഷ്ട്രങ്ങളും തമ്മിൽ യുദ്ധവേളയിലും അതിന്നുശേഷവും യോജിപ്പും സഹകരണവും സ്ഥാപിക്കുവാൻ ഇടവരുത്തിയ 20 കൊല്ലത്തേക്കുള്ള ആംഗ്ലോ-സോവിയററ് ഉടമ്പടി ലണ്ടനിൽവെച്ചു് ഏർപ്പെടുത്തുകയുംചെയ്തു.

### റഷ്യൻ ജനതയുടെ ഉൽബ്ബുദ്ധതക്കു് കാരണം

റഷ്യക്കാരുടെ സമര വൈദഗ്ദ്ധ്യം വിസ്മയനീയമാണ്. എങ്ങിനെയാണ് ഇത്രയധികം വീരാവേശത്തോടെ അവർ പൊരുതുന്നതു്? എവിടെനിന്നു് ഈ ധീരത ഉത്ഭവിച്ചു ? രണ്ടുകൊല്ലംമുമ്പു നാസികൾ സ്റ്റാലിൻഗ്രാഡിൻെറ പടിക്കൽവരെയെത്തി. ഇന്നാവട്ടെ പ്രഷ്യൻ ജങ്കർമാരുടെ (ജർമ്മിത്തലവന്മാർ) രാജ്യത്തിൻെറ ഹൃദയത്തിലേക്കു ചുവപ്പുസേന മുന്നോട്ടു കയറുന്നു. ഈ വമ്പിച്ച അത്ഭുതാവഹമായ മാററത്തിന്നെന്താണ് കാരണം ?

ഇക്കൊല്ലാരംഭത്തിൽ പ്രസിഡണ്ടു് കാലിനിൻ ഒരു സ്മരണീയമായ പ്രസ്താവന ചെയ്തു. ജർമ്മൻകാർ സ്ലാവു ജനങ്ങളോടു ചെയ്ത ദുഷ്കൃത്യങ്ങളേയും നിഷ്ഠുരതകളേയുംപററി അതിൽ അദ്ദേഹം ഇങ്ങിനെ പറയുന്നു : "സ്ലാവു വർഗ്ഗക്കാർ ഒരു താഴ്ന്ന തരക്കാരാണെന്നാണ് ജർമ്മൻകാർ കരുതിവരുന്നതു്. "കൂട്ടക്കൊലകൾ, ദേശീയമർദ്ദനം, ജർമ്മൻകാരാക്കി മാററൽ" ഇങ്ങിനെ ഭയാനകവും ദുരിതപൂരിതവുമായ വളരെയധികം അക്രമങ്ങൾ ജർമ്മൻകാർ ഇവരോടു ചെയ്തുവരുന്നു. പോളണ്ടിൽ ദണ്ഡിക്കപ്പെട്ടും ദുരിതപ്പെടുത്തിയും കോൺസെൻട്രേഷൻ ക്യാമ്പുകളിൽ വെച്ചുതന്നെ 30 ലക്ഷം ജനങ്ങൾ മരിച്ചിട്ടുണ്ടു്. ചെക്കോസ്ലോവാക്കിയായിൽ ഏതാണ്ടു രണ്ടു ലക്ഷത്തിൽ കൂടുതലാണ് മരിച്ച സംഖ്യ. ഈ കണക്കുകൾതന്നെ അപൂർണ്ണമാണ്."

നാസികൾ ചെയ്ത കുററങ്ങൾ നമുക്കു വിശ്വസിക്കാനും കൂടെ വയ്യാത്ത വിധത്തിൽ അത്ര കഠോരമാണ്. പക്ഷെ, വിശ്വസിക്കുന്നതിന്നു വേണ്ടത്ര തെളിവുകൾ ഇന്നുണ്ടു്. ഈ ആഴ്ചയിൽ ബി.ബി.സി യിൽ നിന്നു ചെയ്ത പ്രക്ഷേപിണിപ്രസംഗത്തിൽ ഈ വക കാര്യങ്ങളെ സവിസ്തരം പ്രസ്താവിക്കുകയുണ്ടായി. പ്രാസംഗികൻ ഹോളണ്ടിലുണ്ടായിരുന്ന കോൺസെൻട്രേഷൻ ക്യാമ്പുകൾ സന്ദർശിച്ചു പൂർണ്ണവിവരങ്ങളും ഗ്രഹിച്ചുവരുന്ന ഒരാളാണ്. അദ്ദേഹം അവിടുത്തെ ഇരുട്ടറകൾ, ദണ്ഡനശാലകൾ, ദഹനപ്പുരകൾ ഇവയെപ്പററിയൊക്കെ വിശദീകരിക്കുകയുണ്ടായി.

### കൊലയാളികളുടെ തലവൻ

ഈ കുററങ്ങളെല്ലാം ചെയ്തുകഴിഞ്ഞു. ഗസ്റ്റാപ്പോ നേതാവായ ഹിംലരുടെ മനസ്ഥിതിയെക്കുറിച്ചു ആലോചിച്ചുനോക്കുക. ഇപ്പോൾ ഹിംലർ ജർമ്മനിയുടെ സൈന്യകാര്യങ്ങളിൽ പരമാധികാരം ഉള്ള ആളുമാണ്. ജർമ്മൻകാർ ചെയ്ത കൊടുംക്രൂരതകൾക്കെല്ലാം ഉത്തരവാദി ഈയാളാണെന്നുവേണം പറവാൻ.

വിളറിയ മുഖമുള്ള ഈ സ്കൂൾമാസ്റ്റർ ഒരിക്കൽ ജർമ്മൻ പട്ടാളത്തോടു ചെയ്ത ഒരു പ്രസംഗത്തിൽ പറഞ്ഞു : "ചങ്ങാതിത്വം, ദയ, മൃദുത്വം തുടങ്ങിയ അബദ്ധങ്ങളും വിഡ്ഢിത്തങ്ങളും നമുക്കുണ്ടാവാൻ പാടില്ല." ഇതാണ് ഹിംലർ—ചരിത്രത്തിൽ യാതൊരു ഉപമയും കണ്ടെത്താത്ത അത്രമേൽ ക്രൂരനും ദുഷ്പ്രഭുവുമായ ഒരു സത്വം !

ഹിംലരുടെ ഈയിടത്തെ നയം കോൺസെൻട്രേഷൻ ക്യാമ്പുകൾ "ഇല്ലാതാക്കുക" യാണ്. എന്നുവെച്ചാൽ കോൺസെൻട്രേഷൻ ക്യാമ്പിലുള്ളവരെ കൂട്ടംകൂട്ടമായി വധിച്ചുകളയുക. ആഗസ്റ്റ് 7-ാംനുക്കു ശേഷം റക്ഷൻവാൾസ് ക്യാമ്പിലുണ്ടായിരുന്ന 7,500 തടവുകാർ കൊല്ലപ്പെട്ടു. ഇതിൽ ഒട്ടുമുക്കാലും പേർ ജർമ്മൻകാരായിരുന്നു. ഈ കൂട്ടക്കൊലകളെപ്പററി സഖ്യശക്തികൾക്കു വിവരം ലഭിച്ചപ്പോൾ ഒക്ടോബർ 12-ാംനു ജർമ്മനിക്കു ഒരു താക്കീതു നല്കുകയുണ്ടായി.


### പകരം വീട്ടുവാനുള്ള യുദ്ധം

റഷ്യക്കാർ അത്രയധികം ധീരതയോടെ പൊരുതുന്നുണ്ടെങ്കിൽ എന്താണ് അതിശയിക്കാനുള്ളതു് ? പ്രസിഡെണ്ടു് കാലിനിൻ പറഞ്ഞപോലെ "ജർമ്മൻകാരോടു ശാന്തമായി, അവരെ മുഴുവനും വെറുക്കാതെതന്നെ യുദ്ധം ചെയ്യാമെന്നു ആരെങ്കിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അതു തികച്ചും തെററാണ്; പ്രതികാരേച്ഛയാലും വിദ്വേഷത്താലും ആവേശഭരിതരായ ജനങ്ങൾക്കുമാത്രമെ ശത്രുവെ അഭിമുഖീകരിപ്പാനും പരാജയപ്പെടുത്തുവാനും കഴികയുള്ളു. പടിഞ്ഞാറൻ യുറോപ്പിലെ സ്ലാവു വർഗ്ഗക്കാർ അവരെ ബഹുമാനിക്കുന്നതിന്നു താന്തോന്നികളായ ജർമ്മൻകാരെ പഠിപ്പിക്കണം. സ്ലാവുവർഗ്ഗക്കാരുടെ ഭാവി ഇക്കാര്യത്തിലാണ് കിടക്കുന്നതു്."

റഷ്യക്കാർ ഉൽബ്ബുദ്ധരായി എഴുന്നേററു. അവരുടെ ഭാഗത്തു പല ഗുണങ്ങളും ഉണ്ടെന്നവർ ഗ്രഹിച്ചു. അവിടെ ശത്രുവിനോടു എതിരിടുന്നതിന്നു വേണ്ടത്ര പുരുഷന്മാരും സ്ത്രീകളും ഉണ്ടു്. പ്രബലമായ യുദ്ധയന്ത്രം നിർമ്മിക്കുന്നതിന്നു് അവക്കു, വളരെയകലെയും ശത്രുബാധയേൽക്കാത്തതുമായ പശ്ചാൽ പ്രദേശങ്ങളുണ്ടു്. വിമാനങ്ങളും, ടാങ്കുകളും, മററായുധങ്ങളും നൽകി അവരെ സഹായിക്കുന്നതിന്നു് വിശ്വാസ്യരായ സഖ്യശക്തികൾ ഉണ്ടു്. കൂടാതെ അവരുടെ പട്ടാളത്തിൽ പരിചയം നേടിയ പരാക്രമികളായ പടയാളികളും സൈന്യാധിപന്മാരും ഉണ്ടു്.

(ബാക്കി 16-ാം പേജിൽ)

# ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക







## ആഴ്ചക്കുറിപ്പുകൾ

### പാസഫിക്കിലെ കടൽയുദ്ധം

ഈ ആഴ്ചയിലെ ഏററവും പ്രധാനമായ യുദ്ധവാർത്ത സഖ്യശക്തികൾ ഫിലിപ്പൈൻ ദ്വീപുകളിൽ ജപ്പാന്നു എതിരായി നേടിയ വിജയമാണ്. കപ്പൽയുദ്ധത്തിൽ ജപ്പാൻ തികച്ചും പരാജയപ്പെടുകയാണ് ചെയ്തതു്. ജപ്പാൻകാർ ഈ ആക്രമണം അത്ര പെട്ടെന്നാവേ പ്രതീക്ഷിച്ചിരുന്നില്ല; എങ്കിൽത്തന്നെ, എവിടെയാണ് സഖ്യസേനകൾ ഇറങ്ങുക എന്നതു് അവർക്കു തീരെ നിശ്ചയവുമുണ്ടായിരുന്നില്ല. ശത്രുവിന്നു ഒരു സൂചനപോലും നൽകാതെ അത്ര സൂത്രത്തിലും സാമർത്ഥ്യത്തോടുകൂടിയുമാണ് സഖ്യസേനകൾ ഈ കൃത്യം നിർവ്വഹിച്ചതു്.

ജപ്പാൻെറ കടൽസൈന്യത്തിന്നു വിമാനബലം കുറവായിരുന്നു. എന്നിട്ടും അവർ എതിർത്തു. പക്ഷെ ആ എതിർപ്പു് ആകപ്പാടെ നിഷ്ഫലമാവുകയാണുണ്ടായതു്. മൂന്നു വഴികളിലൂടെയുള്ള എതിർപ്പിനെ വേഗത്തിൽ സഖ്യസേനകൾ ഛിന്നഭിന്നമാക്കിക്കളഞ്ഞു. തോററു പിന്മാറി ഓടിയ കപ്പലുകളെ ചൈനയിൽനിന്നു അമേരിക്കൻ വിമാനങ്ങൾ ബോമ്പെറിഞ്ഞും ഉപദ്രവിച്ചു.

ഒക്ടോബർ 27-ാം തിയ്യതി ഫിലാഡെൽഫിയയിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ പ്രസിഡണ്ട് റൂസ്‌വെൽട്ട് പ്രസ്താവിച്ചു: "അമേരിക്കൻ കടൽസേന ഇന്നു് ലോകത്തിലുള്ള കടൽസേനകളേക്കാളെല്ലാം വലിയതാണ്. ലോകത്തിലെ കടൽസേന എന്നു പറയുമ്പോൾ, അതിൽ ജപ്പാന്നു മൂന്നുകൊല്ലം മുമ്പുണ്ടായിരുന്ന കടൽസൈന്യത്തെക്കൂടി ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ട്." കടൽസൈന്യ വകുപ്പിൻെറ അണ്ടർ സിക്രട്ടറി ഇതു സംബന്ധമായി കൂടുതൽ വിവരങ്ങൾ നല്കി. ഈ അജയ്യമായ ശക്തിയ്ക്കു മുമ്പിൽ ജാപ്പു കടൽപ്പട ഛിന്നിച്ചിതറിയെങ്കിൽ അത്ഭുതപ്പെടാനില്ല.

### ജപ്പാനിലുള്ള പ്രത്യാഘാതങ്ങൾ

സംഭവവികാസങ്ങളുടെ വിവരങ്ങളെ അറിയണമെങ്കിൽ മക്ആർതർ 28-ാം തിയ്യതി പുറപ്പെടുവിച്ച കമ്മ്യൂണിക്കേ വായിച്ചാൽ മതി. ജപ്പാൻെറ കടൽസൈന്യത്തെ മുഴുവനും നാശപ്പെടുത്തിയെന്നു് അതു വെളിവാക്കുന്നുണ്ടു്. ജപ്പാൻെറ ആ കടൽസേനയിൽ രണ്ടു യുദ്ധക്കപ്പലുകളും, 40 ക്രൂയിസറുകളും, 10 ഡിസ്ട്രോയർകളും ഉണ്ടായിരുന്നു. ചർച്ചിൽ താഴെ കാണുന്ന അഭിനന്ദന സന്ദേശം പ്രസിഡണ്ടു റൂസ്‌വെൽട്ടിന്നയച്ചിരിക്കുന്നു: "എൻെറ ആത്മാർത്ഥമായ അഭിനന്ദനങ്ങളെ സ്വീകരിക്കുവാൻ അപേക്ഷിക്കുന്നു. ഐക്യനാടുകളുടെ വിമാനശക്തിയും കടൽസേനയും ജപ്പാന്നെതിരായി നേടിയ വിജയങ്ങൾ കേട്ടു അത്യധികം സന്തോഷിക്കുന്നു." ഈ പരാജയം ജപ്പാനിൽ വളരെയധികം പരിഭ്രമവും അസ്വാസ്ഥ്യവും ഉണ്ടായിരിക്കുന്നു. മന്ത്രിസഭ മാറാനിടയുണ്ടെന്നു സംസാരമുണ്ടു്. ടോക്കിയോവിലെ മുമ്പത്തെ അമേരിക്കൻ അമ്പാസിഡർ മി. ജോസഫ് ഗ്രൂ അഭിപ്രായപ്പെടുന്നു, ജപ്പാൻ സമാധാനത്തിന്നു അഭ്യർത്ഥിയ്ക്കാൻ കൂടി ഇടയുണ്ടെന്നു്. പിടിച്ചടക്കപ്പെട്ട ഇടങ്ങളിൽനിന്നു അവർ സേനകളെ പിൻവലിക്കുന്നതിന്നു സമ്മതിയ്ക്കും. സ്വരാജ്യത്തു ആക്രമണം ഇല്ലാതാക്കുന്നതിന്നു അവരെന്തും ചെയ്യുമെന്നു് ഊഹിക്കണമെന്നാണ് മി. ഗ്രൂ പറയുന്നതു്.

### ഫിലിപ്പൈൻ ആക്രമണത്തിൽ ആസ്ത്രേല്യയുടെ പങ്ക്

ലെയിററ് ദ്വീപിൽ ഇറങ്ങിയ ആക്രമണസേനയിൽ ആസ്ത്രേല്യൻ പട്ടാളവും അമേരിക്കൻ പട്ടാളവും അടങ്ങിയിരുന്നു. ആസ്ത്രേല്യക്കാരെപ്പററി അധികമൊന്നും അറിയപ്പെട്ടിട്ടില്ല. പക്ഷെ ജപ്പാൻ പോർട്ട്ഡാർവിൻമേൽ ബോംബാക്രമണം നടത്തിയ സംഗതി ആസ്ത്രേല്യക്കാർക്കു ഇന്നും ഓർമ്മയുണ്ടു്; ആ കടം മടക്കികൊടുക്കുന്നതിന്നാണ് ആസ്ത്രേല്യക്കാർ ഇന്നു മുതിരുന്നതു്. ഈ ആക്രമണപ്പടയിൽ രണ്ടു ആസ്ത്രേലിയൻ കപ്പലുകളും നിരവധി വിമാനങ്ങളും ഉൾപ്പെടുന്നുണ്ടു്. ആക്രമണത്തിന്നു വേണ്ടിയുള്ള കടൽയുദ്ധത്തിൽ ഇവർ നല്ലൊരു പങ്ക് നിർവ്വഹിച്ചിട്ടുണ്ടു്. ആസ്ത്രേലിയക്കാർ പല യുദ്ധരംഗങ്ങളിലും അവരുടെ സമരചാതുര്യം തെളിയിച്ചുകഴിഞ്ഞു. വീണ്ടും, പാസഫിക് രംഗത്തിലും ഇതേ നൈപുണ്യംതന്നെ അവർ പ്രത്യക്ഷമാക്കിയിരിക്കുന്നു.

### നീതർലാൻ്റിലെ ജർമ്മൻ പ്രതിരോധം ക്ഷയിച്ചുവരുന്നു

മുമ്പു ഞങ്ങൾ സൂചിപ്പിച്ചപോലെത്തന്നെ, എത്രതന്നെ കിണഞ്ഞു പരിശ്രമിച്ചിട്ടും ശത്രുവിൻെറ പ്രതിരോധപരിശ്രമങ്ങളെല്ലാം നീതർലണ്ട്സിൽ താറുമാറായിത്തുടങ്ങിയിരിക്കുന്നു. ഷെൽട്ടിലെ വെള്ളം നിറഞ്ഞ പ്രദേശത്തു കനേഡിയക്കാരും ബ്രിട്ടീഷുകാരുമായ പട്ടാളക്കാർ 40,000 ജർമ്മൻകാരെ വളഞ്ഞിരിക്കുന്നു. ഇവർക്കു യാതൊരു രക്ഷാമാർഗ്ഗവുമില്ല. അവർക്കു വേണ്ട സാമഗ്രികൾ കിട്ടാൻ ഒരു വഴിയുമില്ല. കീഴടങ്ങുക അല്ലെങ്കിൽ ആത്മഹത്യ ചെയ്യുക, ഈ ജർമ്മൻ പട്ടാളക്കാർക്കുള്ള ഗത്യന്തരം ഇവമാത്രമാണ്.

### നാസികളുടെ ആശകളും ഭീഷണിയും ഭയവും

ഒക്ടോബർ 27-ാം തിയ്യതി, ചർച്ചിൽ മോസ്കോ സംഭാഷണങ്ങളെപ്പററി പ്രസ്താവനചെയ്ത അന്നുതന്നെ, ഗോബൽസ് ഒരു പ്രസംഗം ചെയ്തു. ഹിററ്ലർക്കു വേണ്ടിയാണ് ഈ പ്രചാരകമന്ത്രി പ്രസംഗിച്ചതു്. ഒരു ജലപ്രവാഹത്തിൻെറ മുന്നിൽ ഉറച്ചുനില്ക്കുന്ന പാറക്കല്ലുപോലെ വിജയത്തെപ്പററി തികച്ചും ബോദ്ധ്യത്തോടെയാണ് ഹിററ്ലർ ഇരിക്കുന്നതെന്നു് ഗോബൽസ് പ്രസ്താവിച്ചു! ലോകമാസകലം ജർമ്മൻകാരുടേതും ഹിററ്ലരുടേതുമാക്കുന്നതിന്നു പകരം ഇന്നു് സ്വരാജ്യരക്ഷയ്ക്കുവേണ്ടിയാണ് യുദ്ധം എന്നു നാസിത്തലവന്മാർ പറയാൻ തുടങ്ങിയിരിക്കുന്നു. ജർമ്മനിയുടെ യുദ്ധവ്യവസായകേന്ദ്രങ്ങൾ ബോമ്പുവർഷത്താൽ കത്തിയെരിഞ്ഞു നശിച്ച സന്ദർഭത്തിൽ, ഗോബൽസ്, അവരുടെ വലിയ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു് ആകാശയുദ്ധത്തിന്മേലാണ് എന്നു പറയുമ്പോൾ, നാം അതിശയിക്കേണ്ടതില്ല. കൂട്ടത്തിൽ ജർമ്മൻ ജനങ്ങളെ ഭീഷണിപ്പെടുത്തുന്ന ചില പ്രസ്താവനകളും ഗോബൽസ് ചെയ്യുകയുണ്ടായി. "റീച്ചിലേയ്ക്കു ശത്രുവിൻെറ ഗതിയെ തടയുന്നതിന്നു ഏതു ഉപകരണവും ഉപയോഗിക്കുന്നതിൽ നമ്മൾക്കു കുസലുണ്ടാവരുതു്. ആരെങ്കിലും, ഒഴിഞ്ഞു മാറി നില്ക്കാൻ ശ്രമിക്കുന്നതായാൽ കഠിന ശിക്ഷകൾ നൽകപ്പെടും." നാസികൾ ചില "പുതിയ ആയുധങ്ങൾ" ഉപയോഗിക്കുമെന്നുംമററുമുള്ള ഊഹാപോഹങ്ങളും ഭീഷണികളും മുറയ്ക്കു പരന്നുകഴിഞ്ഞിരിക്കുന്നു. എന്തുതന്നെയായാലും, സഖ്യശക്തികൾക്കു ഇതിനൊക്കെ മറുപടി നൽകാൻ കഴിയും. പ്രസംഗംകൊണ്ടുമാത്രമല്ല, പ്രവൃത്തികൊണ്ടും ജപ്പാനെപ്പോലേയുള്ള ഒരു ബന്ധുവുള്ളതു അവർക്കു വളരെ അഭിമാനകരമാണെന്നു് ഗോബൽസ് പറഞ്ഞു. അതേ, ഒരു ശകലം തമാശ! ഗോബൽസിന്നു വിദൂഷകവേഷവും അഭിനയിക്കാൻ കഴിയും!!

### ഇന്ത്യൻസേനകൾക്കു വീണ്ടുംവീണ്ടും അഭിനന്ദനങ്ങൾ

ഈ കോളങ്ങളിൽ പലപ്പോഴും ഇന്ത്യൻ പട്ടാളക്കാരുടെ സമരധീരതയെയും വീരകൃത്യങ്ങളേയും പ്രശംസിച്ചുകൊണ്ടുള്ള അഭിനന്ദനങ്ങൾ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ഏതു കാലാവസ്ഥയിലും, ഏതൊരു വിഷമമേറിയ പരിതസ്ഥിതികളിലും, നമ്മുടെ പട്ടാളക്കാർ വീരോചിതം പോരാടിയിട്ടുണ്ടു്. കിഴക്കായാലും, പടിഞ്ഞാറായാലും, വേണ്ടില്ല, മരുഭൂമിയിലായാലും മൈതാനത്തിലായാലും വേണ്ടില്ല, കാട്ടിലായാലും കടലിലായാലും വേണ്ടില്ല, എവിടെവിടെ ഇന്ത്യൻസേനകൾ യുദ്ധം ചെയ്യുന്നതിന്നു നിയോഗിതരായിട്ടുണ്ടോ, അവിടെയെല്ലാംതന്നെ ആ കൃത്യം പ്രശംസനീയമാംവിധം അവർ നിർവ്വഹിച്ചിട്ടുണ്ടു്. ഇററലിയിൽ യുദ്ധം ചെയ്യുന്ന അഞ്ചാമത്തെ സേനയുടെ കമാണ്ടരായ ജനറൽ മാർക്ക് ക്ലാർക്കിൽനിന്നാണ് ഒടുവിലത്തെ പ്രശംസകൾ. "അഞ്ചാമത്തെ സേനയിലുള്ള ഇന്ത്യൻ വിഭാഗം വിശേഷപ്പെട്ട വിധത്തിൽ പോരാടുകയുണ്ടായി. അവർ സഖ്യസേനകളിലെ പ്രധാന അംഗങ്ങളാവുന്നതിന്നുള്ള പ്രാപ്തി തെളിയിച്ചിരിക്കുന്നു."

### ബർമ്മയിൽ പുതിയ ആക്രമണം

മഴക്കാലം കഴിഞ്ഞു തെളിയുന്നതോടുകൂടി വടക്കൻ ബർമ്മയിൽനിന്നു ജപ്പാൻകാരെ മുഴുവനും തള്ളിത്തുരത്തുന്നതിന്നും, അങ്ങിനെ ചൈനയുമായി റോഡു് സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്നും ഉള്ള സമരസംരംഭം തുടങ്ങിക്കഴിഞ്ഞു. രണ്ടു വഴിയ്ക്കാണ് ഈ പോർ. ഒന്നു ഭാമോവിലേയ്ക്കു, ചൈനീസ് പടയുടേതും; മറേറതു കാത്താവിൻെറ നേർക്കുള്ള ബ്രിട്ടീഷ് പട്ടാളത്തിലെ 36-ാം വിഭാഗത്തിൻെറ ഗതിയും. മിട്ക്യാനയുടേയും മാണ്ഡലിയുടേയും ഇടയിലാണ് കാത്താ. ബർമ്മയിൽ സഖ്യസേനകൾക്കു സൌകര്യങ്ങൾ വർദ്ധിച്ചിരിക്കുന്നുവെന്നു വ്യക്തമാണ്. ടിഡിം പിടിക്കുവാനുള്ള യുദ്ധത്തിൽ 2,127,478 റാത്തൽ ബോമ്പുകളാണ് വർഷിച്ചിരിക്കുന്നതു്. ബർമ്മാ സമരത്തിൽ വിമാനസേന വളരെയധികം സഹായിച്ചിട്ടുണ്ടു്. 14-ാം പടയുടെ അധിപനായ ജനറൽ സ്ലീം ഈ സംഗതി പ്രത്യേകം ഊന്നിപ്പറഞ്ഞിട്ടുമുണ്ടു. ജപ്പാൻ പട്ടാളക്കാർക്കു വേണ്ടി അനവധി ലഘുലേഖകളും പത്രങ്ങളും വിതരണം ചെയ്തു; ഒന്നുകൂടി വ്യക്തമാക്കിപ്പറഞ്ഞാൽ മനഃശാസ്ത്രപരമായ യുദ്ധത്തിൻെറ ആയുധങ്ങൾ ഉപയോഗിച്ചു. എല്ലാ രീതിയിലും, ജപ്പാൻകാരുടെ അവസാന പരാജയം ആസന്നമായിത്തീർന്നിരിക്കുന്നുവെന്നു പറയാം.

# മാഷ്ൽ ടിറെറാ

(ഡോക്ടർ കെ. സി. പത്മാവതി.)



മെസ്സേർസ് ടിറെറാ, ചർച്ചിൽ, സുബാനിക്ക് എന്നിവർ

ഈ യുദ്ധത്തിനുള്ളിൽനിന്നു പല മഹാന്മാരും ശക്തികളും ആവിർഭവിച്ചുയർന്നിട്ടുണ്ട്. ഒന്നുകൂടി കടന്നുപറഞ്ഞാൽ, പല ശക്തികളുടെയും മാഹാത്മ്യവും സാദ്ധ്യതകളും ലോകം ഈ യുദ്ധംമൂലം അറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതിനുള്ള ഒരു സുവർണ്ണാവസരം ഈ യുദ്ധത്തിൽ വികസിച്ചുവന്നു—ശരിയാണ്, യുദ്ധത്തിന്റെ ഭയങ്കരതമൂലമായി പെരുത്ത നാശങ്ങൾ മനുഷ്യസമുദായത്തിനു വന്നുകൂടിയിട്ടുണ്ട്. പക്ഷെ മനുഷ്യൻ ജീവിക്കട്ടെ; ആ്യൾക്കുണ്ടാകാൻ കഴിയാത്തയാതൊന്നുംതന്നെ ഈ യുദ്ധംകൊണ്ടു നശിച്ചിട്ടില്ല.

ഈ യുദ്ധഗതിയിൽനിന്നു പൊന്തിവന്ന ഒരു നേതാവാണ് മാഷ്ൽ ടിറേറാവും. ഏതെങ്കിലും കുറെ പത്രങ്ങൾ പുകഴ്ത്തി പൊന്തിച്ചതുകൊണ്ടോ, വമ്പിച്ച സ്വാധീനശക്തിയുള്ള വ്യക്തികളുടെ ചിറകിന്നടിയിൽ ഒളിഞ്ഞിരുന്നുകൊണ്ടോ, അല്ല മാഷ്ൽ ടിറേറാവിന്നു ഇന്നുള്ള പ്രാധാന്യം കൈവന്നതു്. പിന്നെയോ? അദ്ദേഹത്തിന്റെയും സഖാക്കളുടെയും സ്ഥിരപരിശ്രമംകൊണ്ടു്, അക്രമത്തോടും, അഴിമതികളോടും എതിരിടുവാനുള്ള ആസക്തികൊണ്ടു്.


ഇന്നു ടിറേറാവിന്റെ സേനകൾ ചുവപ്പുപട്ടാളത്തോടൊപ്പം ബൽഗ്രേഡിൽ, യൂഗോസ്ലാവിയയുടെ തലസ്ഥാനത്തിൽ എത്തിക്കഴിഞ്ഞു. എല്ലാവരും ടിറേറാവും കൂട്ടുകാരുമാണ് രണവീരരായ യൂഗോസ്ലാവുകാരുടെ ശരിയായ പ്രാതിനിദ്ധ്യം വഹിക്കുന്നതെന്ന് സമ്മതിക്കുന്നു.

പക്ഷെ ഈ പ്രശസ്തിയും പ്രതാപവും ഒരൊററ ഞൊടിയിടയിൽ നേടിയതല്ല. എത്രയെത്ര പേർ അറിയാതെയും അറിഞ്ഞും ടിറേറാവിനെ എതൃത്തിരുന്നു? അവർ, ഫാസിസത്തിന്നു എതിരാണെന്നു പറയുമ്പോൾത്തന്നെ, ഫാസിസ്റ്റ് ചാരനും വഞ്ചകനുമായ മിഹാലോവിച്ചിനെ ടിറേറാവിന്നെതിരായി പൊക്കിപ്പിടിച്ചിരുന്നു. പക്ഷെ പ്രധാനമന്ത്രി ചർച്ചിൽ ആദ്യമായി ഈ കാര്യത്തെപ്പററി തികച്ചും വ്യക്തമാക്കി; ടിറെറാവിനെ അദ്ദേഹം അംഗീകരിച്ചു. 1944 ആഗസ്റ്റ് 12-ാം തിയ്യതി മാഷ്ൽ ടിറേറാവും ചർച്ചിലുമായി ഒരഭിമുഖസംഭാഷണമുണ്ടായി. റഷ്യ മുമ്പുതന്നെ ടിറേറാവിന്റെ സേനകൾക്ക് സഹായം നൽകിവന്നിരുന്നു. ഇന്നു ആയിരം മിഹാലോവിച്ചുകൾക്കും, മററു ചതിയന്മാർക്കും ടിറേറാവിനെ വെല്ലുവിളിക്കുവാൻ നിവൃത്തിയില്ല. അദ്ദേഹം തന്റെ നില ഉറപ്പിച്ചിട്ടുള്ളതു് രക്തം ചൊരിഞ്ഞിട്ടാണ്. അതെ, യൂഗോസ്ലാവ്യൻ ജനതയുടെ ഹൃദയത്തിൽ ടിറെറാ ഒരു സ്ഥാനം കയ്യൂക്കാക്കിയിട്ടുണ്ടു്.

ഏതാണീ മാഷ്ൽ ടിറെറാ? ഇത്രയധികം ഈയിടെയായി പത്രങ്ങളിൽ പ്രാമുഖ്യം നേടിക്കഴിഞ്ഞ ഈ സൈന്യാധിപന്റെ പശ്ചാത്തലത്തെപ്പററി പലർക്കും അറിഞ്ഞുകൂടാ. ഡിഗാൾ പണ്ടേതന്നെ ഫ്രഞ്ചുഗവമ്മേണ്ടിൽ സ്ഥാനമുള്ള ഒരാളായിരുന്നു. ജനറൽ കൊയനിഗ്ഗിന്നും നല്ല പശ്ചാത്തലമുണ്ടു്. പക്ഷെ ഈ ടിറേറാവിനെപ്പററി അത്രയൊന്നും പറവാനില്ല. യൂഗോസ്ലാവ്യയ്ക്കു പുറത്തുള്ളവർ ഒരിക്കലും ഇങ്ങിനെയുള്ള ഒരാളെപ്പററി അത്രയൊന്നും കേട്ടിട്ടേയില്ല

മൂന്നു സ്ലാവു നേതാക്കന്മാരാണ് ജമ്മൻ ഫാസിസ്റ്റുകാരുടെ ഹൃദയത്തിൽ ഓളമിളക്കിയിട്ടുള്ളതു്. സ്റ്റാലിൻ, ബൾഗേറിയക്കാരനായ ഡിമിട്രോവ്, പിന്നെയത്തെ ടിറേറാ. മുൻപറഞ്ഞ ഇരുവരേയുംപോലെത്തന്നെ ടിറേറാവും ഒരു ദരിദ്രകുടുംബത്തിൽപ്പിറന്നുവളൎന്ന ആളാണ്.

ക്രോഷ്യൻ സംസ്ഥാനത്തിലെ ഒരു കുഗ്രാമത്തിൽ 1890 ടിറേറാ ജനിച്ചു. അദ്ദേഹത്തിന്റെ ശരിയായ പേർ ജോസിപ്പ് ബ്രോസ് എന്നായിരുന്നു. ഒരു കൃഷിക്കാരനായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. പക്ഷെ ബാലകനായ ജോസ്സിപ്പിന്നു കൃഷിയിൽ താല്പര്യമുണ്ടായിരുന്നില്ല. വളരെ ചെറുപ്പത്തിൽത്തന്നെ ആയാൾ ജോലിയന്വേഷിച്ചു നഗരങ്ങളിൽ അലഞ്ഞുനടന്നു. ഒന്നാം ലോകമഹായുദ്ധം വന്നപ്പോൾ ജോസിപ്പിന്നു ജോലികിട്ടി; ഇരു



ബൽഗ്രേഡ്— കഴിഞ്ഞ ഞായറാഴ്ച സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

പതിനാലാം വയസ്സിൽ അദ്ദേഹം പട്ടാളത്തിൽ ചേർന്നു.

1916 ൽ ജോസിപ്പിന്നു മുറിവേററു. ആയാൾ റഷ്യക്കാരാൽ തടവുകാരനായി പിടിക്കപ്പെട്ടു. 1917 ൽ ജോസിപ്പ് ബോൾഷേവിക്കാരൊന്നിച്ചു ചേർന്നു റഷ്യൻ സിവിൽ യുദ്ധത്തിൽ പൊരുതി. 1924 യൂഗോസ്ലാവിയയിലേക്കു തിരിച്ചുവന്നു. ലോഹഖനിത്തൊഴിലാളി നേതാവായി ടിറേറാ എന്ന കള്ളപ്പേർ അംഗീകരിച്ചു. യൂഗോസ്ലാവിയൻ ഗവമ്മേണ്ടു് 1929 ൽ ടിറേറാവിനെ അറസ്റ്റു ചെയ്തു; അങ്ങിനെ നാലു കൊല്ലത്തോളം ടിറേറാ ജയിലിൽക്കഴിച്ചുകൂട്ടി. പക്ഷെ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന സിവോവിച്ചിന്നു ഈ രാഷ്ട്രീയ തടവുകാരനായ ജോസിപ്പ് ബ്രോസാണു് അവർ തിരഞ്ഞുപിടിക്കാൻ ശ്രമിച്ചിരുന്ന ആ ടിറേറാ എന്നു അപ്പോഴും മനസ്സിലായില്ല! ഇപ്പോൾ, ആ പ്രധാനമന്ത്രി ലണ്ടനിലുള്ള പീററർ രാജാവിൻെറ ഉപസൈന്യാധിപനാണു്.

ടിറേറാ വീണ്ടും വിദേശങ്ങളിലേക്കു പോയി. അദ്ദേഹം സ്പെയിനിലായിരുന്നുവെന്നു് ഒരു ഐതിഹ്യമുണ്ടു്. പക്ഷെ അതു തീരെ അടിസ്ഥാനരഹിതമാണു്. ടിറേറാ സ്പെയിനിലേക്കു പല സഹായങ്ങളും ചെയ്തിട്ടുണ്ടെങ്കിലും ഒരിക്കലും സ്പെയിനിൽ ചെന്നിട്ടില്ല. അദ്ദേഹം അജ്ഞാതമായിട്ടാണു് നാട്ടിലേക്കു തിരിച്ചുവന്നതു്. യൂഗോസ്ലാവ്യയിൽ 1921 മുതൽ കമ്മ്യൂണിസ്റ്റു് കക്ഷി നിയമ വിരുദ്ധമാക്കപ്പെട്ടിരുന്നു.

1941 ൽ ജമ്മൻകാർ ബൽഗ്രേഡിലേക്കു കുതിച്ചു കയറി. അപ്പോഴേക്കും ടിറേറാവിൻെറ സംഘടന തയ്യാറായിരുന്നു. ഇപ്പോൾ ടിറേറാവിന്നു മൂന്നു സ്ഥാനങ്ങളാണുള്ളതു്. ഒന്നു, യൂഗോസ്ലാവിയയിലെ മാർഷൽ, (2) ദേശീയ വിമോചന സേനയുടേയും പാട്ടിസൻ സേനയുടേയും പരമാധികാരി, (3) ദേശീയവിമോചന കമ്മിററിയുടെ അദ്ധ്യക്ഷൻ. ടിറേറാവിൻെറ പട്ടാള ഉടുപ്പിൽ യാതൊരു സൈനികമുദ്രയും ഇല്ല. സുപ്രീം കമാണ്ടരുടെ ചിഹ്നമതാണു്: യാതൊരു ചിഹ്നവുമില്ലായ്മ! ടിറേറാ കഠാരമോ, കത്തിയോ കൈവശം വെക്കാറില്ല; ഒരു ജമ്മൻ കൈത്തോക്കുമാത്രം അദ്ദേഹത്തിൻെറ കൈവശമുണ്ടാവും.


യുദ്ധംചെയ്യുമ്പോൾ അദ്ദേഹം ഉപയോഗിക്കാറുള്ളതു് ഒരു പ്രത്യേക തരത്തിലുള്ള മെഷീൻതോക്കാണു്. അതു ഗൊയറിങ്ങിൻെറ നിയന്ത്രണത്തിലുള്ള സ്കോഡഫാക്ടറിയിൽ നിമ്മിച്ചതുമാണു്. പാർട്ടിസൻസേനയിൽ റഷ്യൻതൊപ്പി ധരിക്കുന്ന ആൾ ടിറേറാ മാത്രമാണു്. അതു റഷ്യയിൽനിന്നു ഒരു വിജയചിഹ്നമായി ഒരു ജമ്മൻ ആഫീസർ കൊണ്ടുവന്നതായിരുന്നു. ആയാളെ കൊന്നസമയത്തു ടിറേറാ അതു് കൈവശപ്പെടുത്തി.

ടിറേറാവിൻെറ ഹെഡ് ക്വാട്ടേർസ് എവിടെയാണെന്നു പറഞ്ഞുകൂടാ. ഇപ്പോൾ ചുവപ്പു സേനയും പാർട്ടിസൻ സേനയും ബൽഗ്രേഡിൽ എത്തിയതുകൊണ്ടു്, അവിടേക്കു് മാററപ്പെട്ടിട്ടുണ്ടായിരിക്കും.

ടിറേറാവിൻെറ ഒരു വിനോദം കിടന്നുറങ്ങുകയാണു്. രാവും പകലും ജാഗ്രതയിൽ വർത്തിക്കേണ്ടിവരുന്ന എല്ലാ പാർട്ടിസന്മാർക്കും ഇതു ഒരു വിനോദം തന്നെയായിരിക്കണം. ടിറേറാ നല്ല ഒരു നായാട്ടുകാരനാണു്; കുറിക്കു കൊള്ളും വിധത്തിൽ വെടിവെക്കുന്നതിൽ അദ്ദേഹത്തിന്നു പ്രത്യേക വൈദഗ്ദ്ധ്യമുണ്ടു്. എന്നു മുഖക്ഷൌരം ചെയ്യണമെന്നു് ഈ മാർഷലിന്നു വളരെ നിർബ്ബന്ധമാണു്. യുദ്ധം ചെയ്യുന്നതിലിടക്കു, അല്പംനേരം ഏതെങ്കിലും കുററിപ്പൊന്തയ്ക്കു പിന്നിലൊ, ചുമരിന്നു മറവിലോ ഇരുന്നു അദ്ദേഹമുഖക്ഷൌരം ചെയ്യുമത്രെ. ഒററക്കങ്ങിനെ ആലോചിച്ചു ഉലാത്തുന്നതു് ടിറേറാവിന്നു ഒരു ഉല്ലാസം



മുറിവേററ പാട്ടിസൻ ഭടന്മാരെ ഇററലിയിലുള്ള ആസ്പത്രിയിലേക്കയക്കുന്നു



ടിറേറാവിൻെറ പട്ടാളത്തിന്നു സഖ്യശക്തികൾ കുതിരകളെ അയക്കുന്നു

മാണ്. ഒഴിവുള്ളപക്ഷം രണ്ടും മൂന്നും മണിക്കൂർ ഇങ്ങിനെ ചെയ്യുന്നതിന്നു അദ്ദേഹത്തിന്നു വിക്ഷമമില്ലതന്നെ. വിവിധതരക്കാരും, സ്വഭാവക്കാരും, അഭിപ്രായക്കാരുമായ ആളുകളുമായി കാര്യങ്ങൾ വിവാദിക്കുന്നതിന്നു അദ്ദേഹം ഇഷ്ടപ്പെടുന്നു.

ദിനംതോറും കാലത്തു അദ്ദേഹം വർത്തമാനങ്ങളെല്ലാം നോക്കുകയും സ്റ്റാഫിലെ പ്രധാനിയായ ആർസയോവനോവിച്ചുമായിക്കൂടിയാലോചന നടത്തുകയും ചെയ്യുന്നു. അദ്ദേഹം അധികവും ലണ്ടനിൽനിന്നും മോസ്കോവിൽനിന്നുമുള്ള പ്രക്ഷേപണങ്ങളാണ് കേൾക്കാറുള്ളതു്. ലോകവാർത്തകളൊക്കെയറിയുന്നതിന്നു അദ്ദേഹത്തിന്നു ഒരു പ്രത്യേക റേഡിയോ ഉണ്ടു്. യൂഗോസ്ലാവിയയെ സംബന്ധിച്ചു ബ്രിട്ടനിലും അമേരിക്കയിലും അച്ചടിക്കുന്ന എല്ലാം അദ്ദേഹത്തിന്നു കിട്ടും. മാതൃഭാഷ കൂടാതെ, ജർമ്മൻ, റഷ്യൻ, സെച്ച് എന്നീഭാഷകളിൽ അദ്ദേഹത്തിന്നു നല്ല വിവരമുണ്ടു്. ഫ്രഞ്ചും, ഇംഗ്ലീഷും അല്പം അറിയാം. റഷ്യൻ സാഹിത്യത്തിൽ മാർക്ഷലിന്നു അഗാധമായ താല്പര്യവും പാണ്ഡിത്യവും ഉണ്ടു്. അദ്ദേഹത്തിന്റേയും പാർട്ടിസൻ സേനയുടേയും ഏററവും ഇഷ്ടമുള്ള പുസ്തകം ടോൾസ്റ്റോയിയുടെ "യുദ്ധവും സമാധാനവും" എന്നതാണ്. ഇംഗ്ലീഷു ഭാഷയിൽ ടിറേറാവിന്നും കൂട്ടുകാർക്കും പത്ഥ്യമായതു, "രണ്ടു നഗരങ്ങളുടെ കഥ" എന്ന ഡിക്കൻസിന്റെ നോവലാണ്.

പ്രസിഡണ്ടു് റൂസ്‌വെൽട്ടിന്റെ ഊർജ്ജസ്വലതയെ ടിറേറാ ശ്ലാഘിക്കുന്നു; ചർച്ചിലിന്റെ മനോധൈര്യത്തെ അദ്ദേഹം പ്രശംസിക്കുന്നു. ടിറേറാ വളരെ സ്ഥിരചിത്തനാണ്. വാർത്തകൾ എത്രമേൽ അപായകരമായിരുന്നാലും ശരി ആയാൾ ചഞ്ചലപ്പെടുകയില്ലതന്നെ. സാമാന്യം ഉയരമുള്ള ഒരു ശാന്തഗംഭീരനായ മനുഷ്യനാണ് ടിറേറാ; പ്രസംഗിക്കുമ്പോൾ അദ്ദേഹം പ്ലാററുഫോറത്തിൽ നടന്നുകൊണ്ടിരിക്കും. കീഴിലുള്ളവർക്കു അദ്ദേഹത്തിനോടുള്ള ഭക്തിബഹുമാനങ്ങൾക്കു കാരണം, അവരോടു അദ്ദേഹത്തിന്റെ സവിശേഷ രീതിയിലുള്ള പെരുമാററം നിമിത്തമാണ്.

"ലോകത്തിൽ ഏററവും എളുപ്പമുള്ള കൃത്യം" ടിറേറാ പറയുന്നു "ഒരാളുടെ കഴുത്തറുക്കുകയാണ്."

ടിറേറാ രണ്ടാമതും വിവാഹം കഴിച്ചിരിക്കുന്നു. റഷ്യക്കാരിയായിരുന്ന അദ്ദേഹത്തിന്റെ ആദ്യഭാര്യ വളരെ മുമ്പു മരിച്ചു. അദ്ദേഹത്തിന്റെ രണ്ടാമത്തെ പത്നിയായ ഹെർത, കമേർസിയൽ സ്കൂളിൽനിന്നു ഡിഗ്രി വാങ്ങിയ ഒരു മാന്യയാണ്.

ടിറേറാവിന്റെ ആദ്യഭാര്യയിലുള്ള പുത്രന്നു ഇപ്പോൾ 18 വയസ്സായി. 16-ാമത്തെ വയസ്സിൽ ആ യുവാവു ചുവപ്പുസേനയിൽ ചേർന്നു. മോസ്കോ സമരത്തിൽ ഈ യുവാവിന്റെ വലതുകൈ നഷ്ടപ്പെട്ടു. ഈ ധീരഭടന്നു "ഹിറോ ഓഫ് സോവിയററ് യൂനിയൻ" എന്ന ബഹുമതി നല്കപ്പെട്ടിരിക്കുന്നു.

ടിറേറാവിന്റെ പുത്രൻ, അദ്ദേഹത്തിന്റെ ഗുണങ്ങൾ തികഞ്ഞ ഒരാൾതന്നെയാണ്. "ഞങ്ങൾ ബൽഗ്രേഡിൽനിന്നു ആരംഭിക്കുന്നു; ബൽഗ്രേഡിൽ തന്നെ അവസാനിക്കുകയും ചെയ്യും" ടിറേറാ വളരെ മുമ്പു ഇങ്ങിനെ പറയുകയുണ്ടായി. ഇന്നു അതു അക്ഷരംപ്രതി സത്യമായി വരുന്നു.

## ചെറുകഥ

# പങ്കുവമ്മാമന്റെ പാരമ്പര്യം

(തുടർച്ച)

മുത്തശ്ശിയുടെ ഹിതമനുസരിച്ചേ രാമുണ്ണി നായർ എന്തും ചെയ്യിരുന്നുള്ളൂ. അവർക്കും ഈ യുവാവു കണ്ണിലുണ്ണിയായിരുന്നു. പക്ഷെ ആയാൾ പട്ടാളത്തിൽ ചേരുന്ന കാര്യത്തിൽ വൃദ്ധ തടസ്ഥമൊന്നും പറഞ്ഞതേയില്ല. ആ കുടുംബത്തിൽ ആകെയുള്ള ഒരാൺ കുഞ്ഞിതാണ്. എങ്കിലും, പങ്കുനായരുടെ പാരമ്പര്യം നിലനിർത്തുവാൻ, പള്ളിയാലിൽ ഒരു കുഞ്ഞുള്ളപ്പോൾ ശ്രമിക്കേണ്ടതല്ലേ ?

എന്നാൽ ഈ വാർത്ത വൃദ്ധയെ വല്ലാതെ സങ്കടത്തിലാക്കി. അവർ ജീവിച്ചിരുന്നതു തന്നെ ഈയാൾക്കു വേണ്ടിയാണ്. രാമുണ്ണി നായർ യുദ്ധം കഴിഞ്ഞു മടങ്ങിവന്നു കല്യാണം കഴിച്ചു സുഖമായി ജീവിക്കുന്നതു കണ്ടു കണ്ണടയണമെന്നായിരുന്നു കാളിയമ്മയ്ക്കു ജീവിതത്തിൽ അവശേഷിച്ചിട്ടുള്ള ഒരേ ഒരാശ. പക്ഷെ ഈ ദുർവ്വിധി അതൊക്കെ തകിടം മറിച്ചു. ആ വൃദ്ധ ഒരു ജീവച്ഛവമായി മാറി.

കാളിയമ്മയ്ക്കു തന്റെ കാൽക്കൽ നിൽക്കുന്ന ആളെ മനസ്സിലാക്കാൻ സാധിച്ചില്ല. അവർ തുറിച്ചുനോക്കി. എന്തു ? കാക്കിയുടുപ്പിൽ ഒരു പട്ടാളക്കാരൻ ! "രാമുണ്ണി, എന്റെ കുഞ്ഞേ !" അവർ ആയാളെ കെട്ടിപ്പിടിച്ചു. അവർക്കുള്ള സന്തോഷത്തിന്നു അതിരില്ലായിരുന്നു. കാളിയമ്മ കരഞ്ഞു, സന്തോഷംകൊണ്ടു്. എങ്കിലും, ഉടനെത്തന്നെ തോർത്തുമുണ്ടിന്റെ തലപ്പുകൊണ്ടു തുടച്ചു. അതേ, പങ്കുനായരുടെ പെണ്ണുങ്ങൾ സന്തോഷിച്ചാലും വ്യസനിച്ചാലും കരയരുതു്!

നാട്ടുകാർക്കൊക്കെ വല്ലാത്ത അത്ഭുതം തോന്നി. മരിച്ച ആൾ തിരിച്ചുവന്നമാതിരിയായിരുന്നു അവർക്കു ഈ സംഭവം. തോണിക്കടവത്തും, പാത്തുമ്മയുടെ പത്തിരിക്കടയിലും, മമ്മുവിന്റെ ചായപ്പീടികയിലും, കോന്നന്റെ കള്ളുഷാപ്പിലും, എന്നുവേണ്ട ആ നാടെങ്ങും ഈ വർത്തമാനം പടർന്നുപിടിച്ചു. ആരും ഈ കാര്യമേ പറയുന്നുള്ളൂ. "ആ തള്ള സാക്ഷാൽ ലക്ഷ്മീദേവിയാണ്." കൃഷ്ണൻ എമ്പ്രാന്തിരി നാടെങ്ങും പ്രസംഗിച്ചു നടന്നു.

കാളിയമ്മയുടെ വീട്ടിൽ സർവ്വത്ര ബഹളം. നാട്ടുകാരൊക്കെ അവിടെ തടിച്ചു കൂടിയിരിക്കുന്നു രാമുണ്ണി നായരെ കാണാൻ ! അധികാരിയും മേനവനും, കോൽക്കാരൻ കുഞ്ഞികൃഷ്ണൻ നായരും ശിപായി മമ്മുവും ഒക്കെ ആ കൂട്ടത്തിലുണ്ടു്. അതൊന്നുമല്ല, ഇല്ലത്തെ വൃദ്ധനായ അച്ഛൻ നമ്പൂതിരിയുംകൂടി വടികുത്തി വന്നുചേർന്നിരിക്കുന്നു ! കാളിയമ്മയുടെ ജീവിതത്തിൽ ഇത്ര മംഗളകരമായ ഒരു വേളയുണ്ടായിട്ടില്ല. പങ്കു നായർ മരിച്ചതിന്നുശേഷം, ആ വീട്ടിൽ ഇത്ര അധികം ആൾ ഒന്നിച്ചുകൂടിയിട്ടില്ല.

രാമുണ്ണിനായർ ആറാക്കാൻ യുദ്ധമുനയിൽ പോരിടുമ്പോഴാണ് ആ സംഭവമുണ്ടായതു്. ആയാൾക്കു മുറിവുപററി വളരെയധികം കഠിനമായ വിധത്തിൽ, ബോധരഹിതനായി വീണു് ആയാൾ മരിച്ചുവെന്നു കൂട്ടുകാർ വിചാരിച്ചു ആയാളെ പിന്നിലിട്ടേച്ചുപോയി. എന്നാൽ ആയാൾക്കു മൂന്നു ദിവസം കഴിഞ്ഞു ബോധം വന്നു. വിളിച്ചുനോക്കിയപ്പോൾ കൂട്ടുകാരൊന്നും വന്നില്ല. ഒരു ജാപ്പു ഭടനാണ് വന്നതു്. അവൻ രാമുണ്ണി നായരെ ബയണററുകൊണ്ടു രണ്ടു മൂന്നു കുത്തി. പ്രാണവേദനയോടെ രാമുണ്ണി നായർ തന്റെ കയ്യിലുണ്ടായിരുന്ന കൈബോംബെറിഞ്ഞു ടോജോവിന്റെ പട്ടാളക്കാരനെപ്പു പുകച്ചുകളഞ്ഞു. അതിന്നു ശേഷം, ഇഴഞ്ഞിഴഞ്ഞു് കുന്നിൻമുകളിൽ നിന്നിറങ്ങി കൂട്ടുകാരുടെ ഒന്നിച്ചു വന്നുചേർന്നു. അവർക്കൊക്കെ ഈയാളെ കണ്ടപ്പോൾ വല്ലാത്ത അതിശയമാണുണ്ടായതു്. ഉടനടി ആയാളെ ആസ്പത്രിയിലേയ്ക്കയച്ചു ചികിത്സിച്ചു. ഇപ്പോൾ രാമുണ്ണി നായർക്കു എല്ലാം സുഖപ്പെട്ടിരിക്കുന്നു. കാലിന്റെ തുടമേൽ ചില വലിയ കലകൾ ഉണ്ടു്. അതൊരു ധീരകൃത്യത്തിന്റെ ചിഹ്നങ്ങളെന്നപോലെ മായാതെ കിടക്കുന്നു.

ഈ ആശ്ചര്യകരമായ വീരകൃത്യത്തിന്നു രാമുണ്ണി നായർക്കു മിലിട്ടറിമെഡൽ സമ്മാനിയ്ക്കപ്പെട്ടു. "കേരളത്തിന്റെ പേരിനെ ഉയർത്തിയ ഒരു ധീരനാണ് ഈ യുവാവു്" എന്നാണ് മെഡൽ സമ്മാനിച്ചപ്പോൾ, സൈന്യാധിപൻ ഈയാളെ പ്രശംസിച്ചതു്. ഉടനെ അയാൾക്കു ഒരു മാസത്തെ അവധികൊടുത്തു. അങ്ങിനെ രാമുണ്ണി നായർ നാട്ടിലെത്തി.

ഈ കഥകളെല്ലാം വിസ്തരിച്ചപ്പോൾ അവിടെ കൂടിയിരുന്നവരുടെ നില കാണേണ്ടതുതന്നെയാണ്. ചിലർ മൂക്കിൽ വിരൽ വെച്ചു; മററു ചിലർ പറഞ്ഞു "വല്ലാത്തൊരു സമർത്ഥൻ"; "ഹും, ഇങ്ങിനെ വേണം ആൺകുട്ടികൾ." ഇങ്ങിനെ വേറെ ചിലർ. കൃഷ്ണനെമ്പ്രാന്തിരി കയ്യ്‌പൊന്തിച്ചു അട്ടഹസിച്ചു: "പെരുമുടിയൂർ തേവർ ചില്ലറയാ ! ഹും ! കണ്ടില്ലേ ഊററം !"

കാളിയമ്മയ്ക്കു ഇതൊക്കെ കേട്ടു വെറുതെ നില്ക്കാൻ സാധിച്ചില്ല. അവർ പെട്ടിയിൽ നിന്നു ആ വാൾതലപ്പു എടുത്തുകൊണ്ടുവന്നു എല്ലാവർക്കും കാണിച്ചുകൊടുത്തു. എന്നിട്ടു പറഞ്ഞു: "പണ്ടു പങ്കുവേട്ടൻ സമ്മാനം വാങ്ങിയതാണിതു്. ഇന്നു എന്റെ രാമുണ്ണിയ്ക്കും സമ്മാനം കിട്ടി. എങ്ങിനെ സമ്മാനം വാങ്ങാതിരിയ്ക്കും ? പങ്കുവമ്മാമന്റെ മരുമകനല്ലേ ഇവൻ ? പുലിയുടെ കൂട്ടിൽ പൂച്ചക്കുട്ടി പിറക്കുമോ ? രക്തവൈഭവം."

കാളിയമ്മയുടെ പിന്നിൽ നിന്നിരുന്ന അമ്മിണി നാണിച്ചു തലതാഴ്ത്തി. അവൾക്കറിയാം, രാമുണ്ണി നായർക്കു അവളെ കല്യാണം കഴിച്ചുകൊടുക്കുന്ന കാര്യത്തിൽ പണ്ടു അവളുടെ അമ്മയും കാളിയമ്മയും കൂടി ഒരു കരാറുണ്ടു് എന്നു്. സന്തോഷം പൊറുക്കാൻ വയ്യാഞ്ഞിട്ടു ആ നാടൻ യുവതി വീട്ടിലേക്കു ഓടിപ്പോയി. മുറിയിൽ തനിച്ചിരുന്നു. എന്താണ് ചെയ്യേണ്ടതെന്നു നിശ്ചയമില്ല, പാവം !

# മിക്കേൽ കാലിനിൻ

## "സോവിയററ് യൂനിയനിലെ കാരണവർ"



കുറച്ചുമാസങ്ങൾക്കുമുമ്പു സോവിയററു യൂനിയന്റെ പ്രസിഡണ്ടായ മിക്കയിൽ കാലിനിന്നു് വലിയ ഒരു ബഹുമതി നൽകപ്പെട്ടു—"ഹീറോ ഓഫ് സോഷ്യലിസ്റ്റ് ലേബർ" എന്ന ബഹുമതി. ഈ ബഹുമതി അദ്ദേഹത്തിന്നു നൽകപ്പെട്ടതു് അദ്ദേഹത്തെ സുപ്രീം സോവിയററിന്റെ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടതിന്റെ ഇരുപത്തിയഞ്ചാം വാർഷിക ദിനാഘോഷത്തിലാണ്. 1919ൽ ലെനിന്റെ അഭിപ്രായപ്രകാരം കാലിനിൻ റഷ്യൻ സോവിയററിന്റെ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. അതിന്നു ശേഷം ഇന്നേവരെയും ആ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പുകളിലെല്ലാം അദ്ദേഹം തന്നെയാണ് വിജയിയായിരിക്കുന്നതു്.

സോവിയററ് ഭരണഘടനയിലും സമ്പ്രദായത്തിലും കഴിഞ്ഞ കാൽ നൂററാണ്ടിനുള്ളിൽ പല പരിവർത്തനങ്ങളും വന്നിട്ടുണ്ടു്; പക്ഷെ ഭരണഘടനാപരമായ മാററങ്ങളെന്തുതന്നെയായാലും, സോവിയററ് രാഷ്ട്രത്തിന്റെ പരമാധികാരിയുടെ സ്ഥാനത്തേക്ക് പ്രതിനിധികൾ എപ്പോഴും കാലിനിനെത്തന്നെയാണ് തെരഞ്ഞെടുത്തിരിക്കുന്നതു്.

1919ൽ കാലിനിൻ അഖില റഷ്യൻ സെൻട്രൽ കമ്മിററിയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു; 1913ൽ യൂനിയൻ ഓഫ് സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്സ് രൂപീകരിക്കപ്പെട്ടപ്പോൾ വീണ്ടും അതിന്റെ സെൻട്രൽ കമ്മിററിയുടെ അദ്ധ്യക്ഷനായി. 1938ൽ സ്റ്റാലിൻ ഭരണഘടന നടപ്പിൽ വരുത്തിയതിന്നു ശേഷം വീണ്ടും അദ്ദേഹത്തെ യു. എസ്സ്. എസ്സ്. ആറിന്റെ സുപ്രീം സോവിയററിന്റെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു.

ഇങ്ങിനെ 25 കൊല്ലത്തോളം വിരാമമെന്യേ സോവിയററ് സ്റ്റേററിലെ ഏററവും സമുന്നതമായ പദവി അലങ്കരിച്ച സവിശേഷമായ ഒരു സ്ഥാനമാണ് കാലിനിന്നു് ഉള്ളതു്. രാഷ്ട്രത്തിന്റെ സുരക്ഷയേയും സുദൃഢതയേയും, അതോടൊപ്പം, ഈ പരിപാവനനായ സോവിയററ് പ്രസിഡണ്ടിന്റെ വ്യക്തിപരമായ ഗുണഗണങ്ങളേയുമാണ് ഇതു സൂചിപ്പിക്കുന്നതു്. സോവിയററ് ജനത, അദ്ദേഹത്തെ എല്ലാ യൂനിയൻകളിലേയും കാരണവർ എന്നാണ് സ്നേഹപൂർവ്വം വിളിച്ചുവരുന്നതു്.

ഏററവും വലിയ ഈ പദവിയിലിരുന്നു ജനങ്ങളുടെ സേവകനെന്ന നിലക്ക് കാലിനിൻ പല മഹനീയ കൃത്യങ്ങളും ചെയ്തുതീർത്തിട്ടുണ്ട്. നിസ്വാർത്ഥസേവനം, അതിർകടന്ന പ്രവർത്തനോത്സുക്യം ഇവയുടെ ഒരു ചിഹ്നമാണ് മിക്കേൽ കാലിനിൻ. രാജ്യത്തിന്റെ പുരോഗമനത്തിന്നും ക്ഷേമത്തിന്നും വേണ്ടി വിശ്രമമില്ലാതെ അദ്ദേഹം പ്രവർത്തി എടുത്തുവരുന്ന ഈ കാരണവരുടെ വ്യക്തിപരമായ ഗുണവിശേഷങ്ങൾ എല്ലാവർക്കും തന്നെ അറിയാം. കാലിനിന്റെ ജീവചരിത്രം തന്റെ ജനങ്ങളുടെ അഭിവൃദ്ധിക്കായി ചെയ്ത സേവനത്താൽ ജനങ്ങളുടെ ശ്ലാഘയും മതിപ്പും ലഭിച്ച നേതാവായ ഒരാളുടെ ചരിത്രമാണ്.

"എന്റേയും തൊഴിലാളി വർഗ്ഗത്തിന്റേയും ജീവിതത്തിന്റെ അർത്ഥം" കാലിനിൻ പറയുന്നു "ഞങ്ങൾ മഹാന്മാരായ ലെനിന്റേയും, സ്റ്റാലിന്റേയും നേതൃത്വത്തിൽ ജീവിച്ചു പൊരുതിയെന്നതാണ്."

കാലിനിനും ജനങ്ങളും തമ്മിലുള്ള ബന്ധം അനുകരണീയമാണ്: കഴിഞ്ഞ കൊല്ലത്തിൽ അദ്ദേഹത്തിന്നു നാടിന്റെ നാനാഭാഗത്തുനിന്നുമായി 80,000 കത്തുകൾ ലഭിച്ചു. അദ്ദേഹം തന്നെ 50,000 സന്ദർശകന്മാരെ സ്വീകരിക്കയുണ്ടായി.

കാലിനിൻ സോവിയററു ജനതയുടെ ഒരു ആരാദ്ധ്യപുരുഷനാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല.



ഡൽഹിയിലെ റെഡ്ഫോർട്ടിൽവെച്ചു് വൈസറോയി സൈനികബഹുമതികൾ സമ്മാനിക്കുന്നു.
സുബേദാർ സുബ്രഹ്മണ്യത്തിന്റെ വിധവ ഇക്കൂട്ടത്തിലുണ്ടു്

## യുദ്ധം കഴിഞ്ഞാൽ

# "വിജയം വരിച്ചെത്തുന്ന വീരന്മാർക്ക് വസിക്കുവാൻ"

## ലാൻറകോളണൈസേഷൻ പദ്ധതി

II

[കമ്മിററിയർ]

ഇപ്പോൾ നാം സൊസൈററി രൂപീകരിച്ചു. ഈ സൊസൈററിയുടെ ഉദ്ദേശം, കോളണിവാസികൾക്കു് മതിയായ വിധത്തിൽ ഭൂമിയിൽനിന്നുള്ള ഉല്പാദനങ്ങളെ വർദ്ധിപ്പിക്കുകയാണ്. പക്ഷെ ഇനിയും പല പരിഗണനകളേയും പററി പര്യാലോചിക്കേണ്ടതായിട്ടുണ്ടു്. "എല്ലാവരും പണിയെടുക്കണം, ആരും വിനോദിക്കരുതു്" എന്ന നില വരികയാണെങ്കിൽ കോളണിനിവാസിക്കു് അതു് സുഖമാവില്ല. കോളണിനിവാസിക്കു്, കാര്യക്ഷമമായ മേൽനോട്ടവും സശ്രദ്ധമുള്ള സാങ്കേതികനിർദ്ദേശങ്ങളും ലഭിക്കേണ്ടതുണ്ടു്. കൂടാതെ വിശ്രമവേളകളിൽ ഉല്ലാസിക്കുന്നതിന്നും വിനോദിക്കുന്നതിന്നുംവേണ്ട പരിതസ്ഥിതികളും ആവശ്യമാണ്. ഈ സംഗതികളും ഗവർമ്മേണ്ടിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

ഭരണനിർവ്വഹണത്തിന്നും, കണക്കുകൾ ശരിപ്പെടുത്തുന്നതിന്നുമൊക്കെ കോപ്പറേററീവ് ഡിപ്പാർട്ട്മെൻറ് സഹായിക്കും. കാള, വിത്തു്, വളം, കൃഷിയുപകരണങ്ങൾ ഇവ വാങ്ങുന്നതിന്നും മററുമായുള്ള കൃഷി സംബന്ധിച്ച ശാസ്ത്രീയ ഉപദേശങ്ങളും, കോളണി നിവാസികളുടെ ഗാർഹികജീവിതത്തിൽവേണ്ട ആരോഗ്യസൌകര്യങ്ങളും വൈദ്യസഹായങ്ങളും നൽകുന്നതിന്നു,—മററു വാക്കുകളിൽ, വായനശാലകൾ, കളിസ്ഥലങ്ങൾ, വൈദ്യശാലകൾ മുതലായവ ഏർപ്പെടുത്തുന്നതിന്നു കോപ്പറേററീവ് ഡിപ്പാർട്ട്മെണ്ടോ, അഥവാ തത്തുല്യമായ വേറെയുള്ള അധികൃതസ്ഥാപനങ്ങളോ പരിശ്രമിക്കുന്നതായിരിക്കും.

ഇനിയും മറെറാരു പ്രധാനപ്രശ്നമുണ്ടു്. നിങ്ങൾക്കു വേണ്ടവിധത്തിൽ വിററഴിക്കാൻ സാദ്ധ്യമാകാത്തപക്ഷം ഉല്പന്നങ്ങൾ ഉണ്ടാക്കിയിട്ടെന്താണ് കാര്യം? വില്പന എന്നതു് ഒരു സാങ്കേതിക ജോലിയാണ്. പുറമേയുള്ള സമ്പർക്കങ്ങൾ, വിദേശമാർക്കററുകൾ, വിലനിലവാരങ്ങൾ, കാലാനുസൃതമായ ആവശ്യങ്ങൾ, ഇവയെ സംബന്ധിച്ച പൂർണ്ണവിവരം ഇക്കാര്യത്തിന്നു ആവശ്യമാണ്. ഗവർമ്മേണ്ടു് ഈ പ്രധാന വിഷയം വിസ്മരിച്ചിട്ടില്ലതന്നെ. ഈ ലക്ഷ്യത്തെ ലാക്കാക്കി, കോപ്പറേററീവ് മാർക്കററിങ്ങ് സൊസൈററികൾ സ്ഥാപിക്കുന്നതിന്നും ആലോചനയുണ്ടു്. ഈ സൊസൈററികളിലൂടെ കോളണിനിവാസികളുടെ അദ്ധ്വാനത്താലുണ്ടാകുന്ന ഉല്പന്നങ്ങളെ വേണ്ടവിധത്തിൽ വിററഴിക്കാവുന്നതാണ്.

ഇതിനിടയിൽ ഒരു ചോദ്യം ഉത്ഭവിച്ചേക്കാം. അല്ലാ, ഈ നിലവും വീടും പട്ടാളക്കാരൻെറതായിരിക്കുമോ? ഈ ചോദ്യത്തെ സവിസ്തരം വിവരിച്ചിട്ടുണ്ടു്. പട്ടാളക്കാർക്കുവേണ്ടി ക്ഷാമമില്ലാതെ ഗവർമ്മേണ്ടു് പണം ചെലവഴിച്ചിട്ടുണ്ടു്. യുദ്ധമായാലും ശരി അല്ലെങ്കിലും ശരി, പട്ടാളത്തിൽനിന്നു തിരിച്ചുവരുന്നവർ എപ്പോഴും ഉണ്ടായിരിക്കും. അവരുടെ, അതായതു, അവരുടെ കോപ്പറേററീവ് സൊസൈററിയുടെ, നിയമപരമായ ഉടമസ്ഥതയിലായിരിക്കണം വീടും നിലവും എന്നാണ് തീരുമാനിച്ചിരിക്കുന്നതു്. വിസ്തരവർത്തിയായ ജന്മിത്വത്തേയും, അനിഷ്ടകരമായ വിഭജനത്തേയും ഇല്ലാതാക്കുന്നതിന്നുവേണ്ടിയാണ് ഇങ്ങിനെ തീരുമാനം ചെയ്തിരിക്കുന്നതു്. പ്രാഥമികമായ കൈമാററത്തെ സംബന്ധിച്ചാണെങ്കിൽ, ഇപ്പോഴത്തെ ഭൂമിയുടമസ്ഥൻ അതു് സൊസൈററിക്കു് കൊടുക്കും. അതിന്നു വിലയില്ല. പക്ഷെ മററു ചില ഉപാധികൾ സ്വീകരിക്കേണ്ടതായിട്ടുണ്ടു്—(1) സൊസൈററിക്കു ആ സ്ഥലം വില്ക്കാൻ പാടില്ല, ഈ സ്വത്തിന്മേൽ പട്ടാളത്തിൽനിന്നു പിരിഞ്ഞുവരുന്നവർക്കേ പ്രവേശിക്കാൻ പാടുള്ളൂ. അതിന്നുശേഷം സൊസൈററി ഭൂമി ഓഹരിക്കാർക്ക് വിഭാഗിച്ചുകൊടുക്കും. പക്ഷെ സൊസൈററിക്കുള്ള ഭൂമിയെ സംബന്ധിച്ച പൊതുവധികാരം എപ്പോഴും നിലനിൽക്കും. ഉദാഹരണമായി, ഒരു ഓഹരിക്കാരൻ മരിച്ചുവെന്നിരിക്കട്ടെ. ആയാളുടെ നിയമാനുസാരിയായ അനന്തിരാവകാശിക്കോ, മൂത്ത പുരുഷസന്താനത്തിന്നോ പരേതൻെറ സ്വത്തിൻെറ അവകാശം കൈവരും. വിഭജിച്ചുള്ള പരമ്പരാവകാശനിലക്കു് സ്ഥാനമില്ല; കാരണം "ഭാഗിക്കൽ" നല്ലതല്ലതന്നെ.

ഈ "ഭാഗിക്കൽ" എന്ന പദം അസ്വാരസ്യമുള്ളതായി തോന്നാം. എന്നാൽ ഇതിനെ തടയുവാൻ ഉതകുന്ന മാർഗ്ഗങ്ങൾ ഇപ്പോൾത്തന്നെ ആരാഞ്ഞറിഞ്ഞു് ശരിപ്പെടുത്താത്തപക്ഷം വിജയകരമാംവിധം സൊസൈററി കൊണ്ടുനടത്തുന്നതിന്നു സാദ്ധ്യമാവുകയില്ല. ശരിയാണ്, ഭാഗിക്കൽ ഈ പദ്ധതിയിലും ഉണ്ടു്; കൃഷിക്കുപയുക്തമല്ലാത്ത സ്ഥലങ്ങൾ ഓരോ ആൾക്കും കുറച്ചു കൊടുക്കപ്പെടുന്നതാണ്. പക്ഷെ വിജയപൂർവ്വവും ലാഭകരവുമായ കൃഷിയെ ഉദ്ദേശിച്ചുനോക്കുമ്പോൾ, ഇന്ത്യയിൽ പൊതുവേയായി കാണപ്പെട്ടുവരുന്ന ഈ രീതിക്കു്, അന്യരാജ്യങ്ങളിൽ യാതൊരാളും അനുകൂലികളായി കാണുന്നതല്ല. അനന്തരാവകാശത്തെ സംബന്ധിച്ച ഹിന്ദുനിയമത്തിന്നും മററാരും അനുകൂലിക്കുന്നതായി കാണുകയില്ല. ഉദാഹരണമായി ഒരാൾക്കു ആറുമക്കളും ഇരുപതു ഏക്കർ ഭൂമിയുമുണ്ടെന്നു വിചാരിക്കുക—ആയാളുടെ മരണശേഷം, ഈ ഇരുപതു ഏക്കർ നിലവും ആറു തുണ്ടുകളായി ഭാഗിക്കപ്പെടുന്നു. ഇതുമൂലം ആദായത്തിൽ കുറവാണുണ്ടാവുന്നതു്. കോപ്പറേററീവ് കോളണൈസേഷൻ പദ്ധതിയിൽ, ഈ രണ്ടു അപകടങ്ങളും ഇല്ലാതാക്കേണ്ടതുണ്ടു്. ഭാഗിക്കലും വിൽക്കലും ഉണ്ടാവുകയില്ല അവിടെ. വിദഗ്ദ്ധന്മാർ ഈ സംഗതികളെപ്പററി കൂലങ്കഷമായി ചിന്തിച്ചു ഓരോ കോളണിനിവാസിക്കും അഞ്ചേക്കർ ഫലപുഷ്ടിയുള്ള നിലവും, 10 ഏക്കർ വരണ്ട നിലവും ആവശ്യമാണെന്നു തിട്ടപ്പെടുത്തിയിരിക്കുന്നു. ഇവ തൊട്ടുതൊട്ടുകിടക്കുന്ന സ്ഥലമായിരിക്കും. കോപ്പറേററീവ് സൊസൈററിയുടെ കമ്മിററിയുടെ സമ്മതംകൂടാതെ ഒരു കണ്ടം നിലംപോലും വില്പനമൂലമോ, പണയംമൂലമോ പതിച്ചുകൊടുക്കാൻ സാദ്ധ്യമാവുന്നതല്ല. ഈ രാജ്യത്തു സർവ്വസാധാരണമായി കണ്ടുവരുന്ന ആ രീതിയനുസരിച്ചുള്ള വിഭജനത്തെ തടയുന്നതിന്നുള്ള എല്ലാ രക്ഷാവ്യവസ്ഥകളും ഏർപ്പെടുത്തിയിട്ടുണ്ടു്.

കോളണികളിൽ കൃഷിചെയ്യാൻ പോവുന്നതെന്താണ്? നിലങ്ങളിൽ ഒരേ വിളവുമാത്രം ഉണ്ടാക്കണമെന്നതല്ല, യുദ്ധാനന്തരമുള്ള ആശയം. ശാസ്ത്രകാരന്മാരും, ഡോക്ടർമാരും ഈ പരിചയം ഉത്തമമല്ലെന്നാണ് സിദ്ധാന്തിക്കുന്നതു്. ചോളവും, രായിയും വിൽക്കാൻ വിഷമമുണ്ടാവുകയില്ലായിരിക്കാം. പക്ഷെ നല്ല ഘനമുള്ള ഭക്ഷണം ആവശ്യമാണ്. എല്ലാ വൈദ്യന്മാരും അഭിപ്രായപ്പെടുന്നു ഒരു മനുഷ്യന്നു പോഷകാംശങ്ങളടങ്ങിയ പരിപൂർണ്ണമായ ഭക്ഷണത്തിന്നു മററു പല ഘടകങ്ങളും കൂടി അത്യാവശ്യമാണെന്നു്. അതേമാതിരി ഒരേ വിളവെടുക്കുന്നതിന്നു മാത്രമായി വെള്ളം നനച്ചു ഉഴുതു വിതക്കപ്പെടുന്ന ഒരു നിലം ഫലപുഷ്ടി കുറഞ്ഞുവരുന്നതാണ്. തൽഫലമായി, യുദ്ധാനന്തര പുനർനിർമ്മാണത്തിൻെറ വീക്ഷണത്തിൽ പലതരം സാധനങ്ങൾ കൃഷി ചെയ്യലാണ് കോപ്പറേററീവ് കോളണികളിൽ ഏർപ്പെടുത്തുക. ഭൂമിയിൽനിന്നുള്ള പ്രധാന വിളവുകൾക്കു പുറമെ, പാൽ, മുട്ട, കായ്കറികൾ മുതലായവ സൊസൈററിയിലെ അംഗങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഇതിന്നു കാലിവളർത്തൽ, വിത്തുണ്ടാക്കൽ, പുതുരീതിയിലുള്ള തോട്ടങ്ങൾ വെച്ചുപിടിപ്പിക്കൽ, ഇവയൊക്കെയും നടപ്പിൽ വരുത്തേണ്ടതുണ്ടു്. തെന്നിന്ത്യൻ കൎഷകന്നു് ഇതിൽ പലതും പുത്തനാണ്. ഇപ്പോൾ, ഓരോ കോളണി നിവാസിക്കും കൃഷിചെയ്യുന്നതിന്നുള്ള അഞ്ചോ, പത്തോ ഏക്കർ സ്ഥലത്തിന്നു പുറമെ സസ്യപദാർത്ഥങ്ങളുണ്ടാക്കുന്നതിന്നു ഒരു ചെറിയ തോട്ടം ഉണ്ടാവും. തേനീച്ച വളർത്തുന്നതിന്നും, കാലിവളർത്തലിന്നും, കോഴിവളർത്തലിന്നും മററും

ശാസ്ത്രീയമായ നവീനരീതിയിലുള്ള സൌകര്യങ്ങൾ കോപ്പറേററീവ് സൊസൈററി മുഖാന്തരം ലഭിക്കപ്പെടും. കൂടാതെ, ചുററിലുമുള്ള കോളണിനിവാസികൾക്കു പുത്തൻപുത്തൻമട്ടിലുള്ള കൃഷിയുടെ മാതൃകകൾ വിവരിക്കുന്നതിന്നും തൽസ്സംബന്ധമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിന്നുമായി കൃഷി ഡിപ്പാർട്ട്മെണ്ടിന്റെ വകയായി അഞ്ചേക്കർ വലിപ്പമുള്ളതും ഒരു കൃഷി പാഠിക്കുന്നതിന്നുള്ളതും ആയ ഒരു മാതൃകാകേന്ദ്രവുമുണ്ടായിരിക്കും.

പിരിഞ്ഞുവരുന്ന പട്ടാളക്കാരന്ന് ഈ പുതിയ ജോലിയിൽ വേണ്ടത്ര വിജയം കരഗതമാക്കുന്നതിന്നുള്ള പ്രേരണയും, ലാഭത്തിന്നുള്ള വഴിയും ഈ പദ്ധതിയിലുണ്ട്. എന്നാൽ, ഒരാൾക്കും തന്റെ സഹപ്രവർത്തകന്മാർക്കു ഹാനികരമാംവണ്ണം ജീവിക്കാൻ പാടില്ല. പ്രത്യേകം ഓർമ്മിക്കേണ്ട ഒരു വിഷയമുണ്ട്. സസ്യപദാർത്ഥങ്ങൾ, ധാന്യങ്ങൾ, പഴങ്ങൾ മുതലായി കോളണിയിൽ ഉണ്ടാകുന്ന ഭക്ഷണസാമഗ്രികൾ, ആദ്യമായി സൊസൈററിയിലെ അംഗങ്ങളുടേയും അവരുടെ കുടുംബങ്ങളുടേയും ആവശ്യത്തിന്നായി ഉപയോഗിക്കപ്പെടുന്നതായിരിക്കും. മിച്ചം വരുന്നതുമാത്രമേ വിൽക്കപ്പെടുകയുള്ളൂ. കോപ്പറേററീവ് മാർക്കററിങ്ങ് സൊസൈററിയാണ് വില്പന നടത്തുക. വിൽക്കേണ്ട കാലം, വില ഇവയൊക്കെ നിർണ്ണയിക്കേണ്ടതു് സൊസൈററിയുടെ കമ്മിററിയാണ്. അനുകൂലമല്ലാത്ത വിലകൾമൂലം സാമാനങ്ങൾ ശേഖരിച്ചുവെക്കേണ്ടിവരുന്നപക്ഷം അതിന്നായി ശേഖരപ്പുരകളും ചന്തസ്ഥലങ്ങളും നിർമ്മിക്കുന്നതിന്നു സൊസൈററിക്കു സാദ്ധ്യമാക്കുന്നതിന്നു ഗവർമ്മേണ്ടു നടവടികൾ എടുക്കുന്നതാണ്. മിലിട്ടറി പോസ്റ്റ്‌വാർ റീക്കൺസ്ട്രക്ഷൻ ഫണ്ടിൽനിന്നു കിട്ടുന്ന പണംമൂലം, പിരിഞ്ഞുവരുന്ന പട്ടാളക്കാരുടെ ആവശ്യത്തിന്നായി മദ്രാസിലെ പുനഃനിർമ്മാണത്തിന്റെ അധികൃതന്മാർ ചെയ്യുന്ന കൃഷിസംബന്ധമായ വശങ്ങളെപ്പററി ഇപ്പോൾ നിങ്ങൾക്കു മനസ്സിലായി. ഈ പദ്ധതി ഒരു പൊട്ടക്കണക്കല്ല. ഇതേവരേയും തീരുമാനിച്ചിരിക്കുന്നതു് 40 കോളണികൾ സ്ഥാപിക്കുന്നതിന്നാണ്. ഒരുപക്ഷേ ഇതിൽ കൂടുതൽ ആവശ്യമായി വന്നേയ്ക്കാം. അങ്ങിനെ വരുന്നപക്ഷം മററുപ്രകാരത്തിൽ അതിന്നുള്ള പണം കണ്ടു വെക്കേണ്ടിവരികയും ചെയ്യും. എന്തായാലും, ഈ പദ്ധതി വളരെ അധികം ആശാവഹമാണ്; നാട്ടിൻപുറങ്ങളെ അത്യധികം നന്നാക്കുന്നതിന്നു ഇതു ഉപകരിക്കും. ആവശ്യം വന്നാൽ ഭാവിയിലും ഇങ്ങിനെയുള്ള പദ്ധതികൾക്കായി പണമിറക്കുവാൻ ഗവർമ്മേണ്ടു നിരസിക്കുമെന്നു വിചാരിക്കാൻ പാടില്ല. കോളണികൾ വിജയപ്രദമായി വരുന്നപക്ഷം കടമെടുപ്പിക്കുന്നതിന്നുകൂടെ വിഷമമില്ല.

ഈ മനോഹരമായ പടത്തെ വീക്ഷിച്ചുകൊണ്ടു്, ഭോഷ്കെകട്ടക്കായ അന്വേഷകൻ ചോദിക്കും: "ശരിയാണ്. നിങ്ങളുടെ പരിഗണനകൾ അഴകേറിയവ തന്നെ. പക്ഷേ, പ്രായോഗികമാക്കുന്നതിലുള്ള പ്രതിബന്ധങ്ങളെപ്പററിയോ? കഴിഞ്ഞ യുദ്ധത്തിലെ സേവനങ്ങൾക്കു സമ്മാനമായി ഭൂമി നൽകപ്പെട്ടവർ കൃഷിക്കാരെന്ന നിലക്കു വിജയിച്ചുവോ? അതിന്മേൽ ചെയ്ത അദ്ധ്വാനത്തിന്നു വിലപ്പിടിച്ചോ ആ നിലങ്ങൾ തന്നെ? എവിടെയാണ് നിങ്ങളീപ്പറയുന്ന കോളണികൾ ഏർപ്പെടുത്താൻ പോവുന്നതു്? എങ്ങിനെയാണ് അവ തിരഞ്ഞെടുക്കപ്പെടുക? അവിടെ വെള്ളമുണ്ടോ? മണ്ണു ഫലപുഷ്ടിയുള്ളതാണോ? നിങ്ങളുടെ പദ്ധതികളെപ്പററി ലിസ്റ്റു നോക്കിയാൽ 480, 1,000, 2,000, 3,000 ഏക്കർ വരുന്ന ഇടങ്ങളാണ് കാണുന്നതു്. നിങ്ങൾക്കു ഈ ഏക്കർ വ്യവസ്ഥമേൽ അടിസ്ഥാനപ്പെടുത്താമോ 'നിങ്ങളുടെ ജനസംഖ്യ'യെ? ഈ സ്ഥലങ്ങളിൽ ജലസൌകര്യങ്ങളെത്രയുണ്ട്? അവ ജലസൌകര്യങ്ങൾ ലഭിക്കുന്നതും, ഫലപുഷ്ടിയുള്ളതുമാണോ? അതോ വെറും പാറപ്രദേശമോ?"

ഈ ചോദ്യങ്ങൾ കാര്യമായവയാണ്. കോളണിക്കു വേണ്ട സ്ഥലം തെരഞ്ഞെടുക്കുന്നതിൽ പുനഃനിർമ്മാണാധികൃതന്മാർക്കുള്ള അഭിപ്രായങ്ങൾ ഒരു സാധാരണക്കാരൻ അറിയുന്നതു നന്നായിരിക്കും.

പഴക്കവും തഴക്കവുമുള്ള ഒരു പരിശോധകനിൽനിന്നു യുദ്ധാനന്തരപുനഃനിർമ്മാണത്തിന്നായി നിയമിച്ച കമ്മീഷണർക്കു ലഭിച്ച ഒരു റിപ്പോർട്ട് ഞാൻ താഴെ ചേർക്കട്ടെ. ഇവിടെ ചോദിച്ച പല ചോദ്യങ്ങളും ഇതിൽ വ്യക്തമാക്കുന്നുണ്ട്. പരിശോധനക്കുള്ള പല റിപ്പോർട്ടുകളിൽ ഒന്നുമാത്രമാണ് ഇതു്. മദ്രാസിലെ പുനഃനിർമ്മാണാധികൃതന്മാർ എത്ര ജാഗ്രതയോടും കാര്യക്ഷമതയോടും കൂടിയാണ് പ്രവർത്തിക്കുന്നതെന്നു ചിത്രീകരിക്കുന്ന ഒന്നാണ് ഈ റിപ്പോർട്ട്.

"ആഗസ്റ്റ് 15-ാംനു ഞാൻ ജി. യിൽവെച്ചു കലക്ടർ ജിയെ കണ്ടു. ലാണ്ട്കോളണൈസേഷൻ പദ്ധതിയെപ്പററി ആലോചിച്ചു. പി. താലൂക്കിലും, ഈ പദ്ധതി വളരെ ആശാവഹമാണെന്നും എന്നാൽ ജലസേചനസൌകര്യങ്ങൾ ഏർപ്പെടുത്തുന്നപക്ഷം ബി, ആർ എന്നീ താലൂക്കുകളിലും അങ്ങിനെത്തന്നെയാവുമെന്നും ആണ് അദ്ദേഹം അഭിപ്രായപ്പെട്ടതു്. പി. വില്ലേജിലെ പഞ്ചായത്തു റിസേർവ്വ് അദ്ദേഹം തന്നെ പോയി പരിശോധിച്ചു. ഭടന്മാർക്കുള്ള കോളണിക്കു 200 ഏക്കർ സ്ഥലം ഉണ്ടവിടെ. 1944 മേയ് മാസത്തിലെ റിപ്പോർട്ട് ആർ. സി. ബി. 4/15647/43 നോക്കുക. ഈ കാട് മുമ്പു കരി ഉണ്ടാക്കുന്നതിന്നുവേണ്ടി ചവോക്കുമരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന്നായി വനവകുപ്പിലേക്കു കൊടുക്കാൻ ഉദ്ദേശിച്ചിരുന്നതൊന്നാണ്. എന്നാൽ കലക്ടർ ഇപ്പോൾ പറയുന്നതു് അങ്ങിനെ ചെയ്യേണ്ട എന്നാണ്. പരിശോധിച്ചപ്പോൾ എനിക്കു മനസ്സിലായി കരിക്കുതകുന്നവിധത്തിലുള്ള വലിയ ചവോക്കുമരങ്ങളൊന്നും അതിലില്ല. അതിൽപ്പെട്ട ഒരു വലിയ വിഭാഗം ഒരു കാർഷിക കോളണിക്കു പററിയതാണ്.

## പി. താലൂക്ക് പി. കോളണി (800 ഏക്കർ 160 ഭടന്മാർക്കായുള്ള ഒരു കോളണി.)

ജില്ലാ ഉദ്യോഗസ്ഥന്മാരുടെ ഒരു സമ്മേളനം ഞാൻ ഏർപ്പെടുത്തി. അതായതു്, റവന്യൂ ഡിവിഷണൽ ഓഫീസർ, ഡിസ്ട്രിക്ട് ഹെൽത്ത് ഓഫീസർ, ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ ഓഫീസർ, ഡിപ്യൂട്ടി റജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സോസൈററീസ്, പി.ഡബ്ല്യു.ഡി. സബ്ബ് ഡിവിഷണൽ ഓപ്പീസർ, മൈനർ ഇറിഗേഷൻ സൂപ്രവൈസർ എന്നിവർ ഹാജരുണ്ടായിരുന്നു. പട്ടാളക്കാരായിരുന്നവർക്കു ഒരു കോളണിയും, അതിന്നുവേണ്ട ജലസേചന സൌകര്യങ്ങൾ, വീടുകൾ എന്നിവ ഏർപ്പെടുത്തുന്നതിന്നുമായുള്ള കാര്യങ്ങളെപ്പററി ഞാൻ, അവരുമായി ആലോചിച്ചു റവന്യൂ ഡിവിഷണൽ ഓഫീസർ, ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ ഓഫീസർ, ഡിസ്ട്രിക്ട് ഹെൽത്ത് ഓഫീസർ, താസിൽദാർ ഇവരോടൊന്നിച്ചു ഞാൻ 16-ാംനു ആ സ്ഥലത്തുപോയി പരിശോധിച്ചു നോക്കുകയും ചെയ്തു.

## വിവരണം

ഈ റിസേർവ്വിൽ 3 പറമ്പുകളുണ്ട്. ഒന്നും രണ്ടും നമ്പർ പറമ്പുകൾ തൊട്ടുതൊട്ടു ഒന്നായിക്കിടക്കുന്നു. മൂന്നാം നമ്പർ പറമ്പിൽനിന്നു ഒരു മയിൽ അകലെയാണ് രണ്ടു മൂന്നും നമ്പർ



തഞ്ചാവൂക്കാരിയായ മിസ് തിയോബാൾഡ് പട്ടാളക്കാരെ പഠിപ്പിക്കുന്നു

പറമ്പുകൾ. സിമൻറു കമ്പനിക്കും, കല്ലു് ഉടക്കുന്നതിന്നും, കാലികൾ മേയുന്നതിന്നും വേണ്ട സ്ഥലങ്ങൾ കഴിച്ചാൽതന്നെ, 800 ഏക്കർ കോളണിക്കുവേണ്ടി എടുക്കാം—ഒന്നും രണ്ടും നമ്പർ പറമ്പുകളിൽ 500 ഏക്കർ, മൂന്നാം നമ്പർ പറമ്പൽനിന്നു 300 ഏക്കറും. കലക്ടർ പറയുന്നതു 400 ഏക്കർ എടുത്താൽ മതിയെന്നും, മിച്ചം കാലികൾക്കു മേയാൻ വിടുകയാണു് നല്ലതെന്നുമാണു്. കൃഷിക്കു പററിയ വലിയ ഒരു നിലത്തിലെ ഒരു കണ്ടം പോലും വേണ്ടെന്നുവെക്കുന്നതു നന്നല്ല. ഈ മൂന്നു പറമ്പുകളിലും കൂടി ഓരോ കോളണിനിവാസിക്കും 5 ഏക്കർ എന്ന തോതിൽ 160 പേർക്കു താമസിക്കാൻ കഴിയും.

## മണ്ണു്

ഈ സ്ഥലത്തെ മണ്ണു് ഡിസ്ത്രിക്ടു് അഗ്രികൾച്ചറൽ ഓഫീസർ പരിശോധിച്ചുനോക്കി. രണ്ടോ മൂന്നോ അടിയിൽ രണ്ടു മൂന്നു അടിക്കു കീഴിൽ അങ്ങുമിങ്ങും ചരൽപ്പാറകളുള്ള, കനത്ത കളിമണ്ണാണു് ഇവിടെ കാണപ്പെടുന്നതു്. രായി, നിലക്കടല, പയറുവർഗ്ഗങ്ങൾ ഇവക്കു പററിയതാണു് ഈ മണ്ണു്. അങ്ങുമിങ്ങും കാണപ്പെടുന്ന ചരൽപ്പാറകൾ കൃഷിചെയ്യാനുതകുന്ന നനഞ്ഞ മണ്ണുണ്ടെന്നാണു് സൂചിപ്പിക്കുന്നതത്രേ. ഇപ്പോൾ ഈ പറമ്പുകളിൽ വളർന്നു നില്ക്കുന്ന തകേട്ടു തുടങ്ങിയ പട്ടുമുളയായ ചെടികളും തൃണവർഗ്ഗങ്ങളും ഡി. എ. ഒവിൻെറ അഭിപ്രായപ്രകാരം രായിയും, പയറുവർഗ്ഗങ്ങളും കൃഷിചെയ്യാൻ പററിയ മണ്ണാണു് അതെന്നു കുറിക്കുന്നു.

## ജലസേചനം

പി. ഡബ്ലിയു. ഡി. സബ്ബു് ഡിവിഷനൽ ആഫീസർ ജലസേചനത്തിന്നായി കാട്ടു ചോലകൾ ഉപയോഗപ്പെടുത്തുന്നതിന്നുള്ള സാദ്ധ്യതകൾ, കുറച്ചു സമയം കിട്ടുന്നപക്ഷം, അന്വേഷിച്ചു നോക്കാമെന്നു പറയുന്നു. ഇവിടെ ജി. വെ. എന്നീ രണ്ടു ചോലകൾ കാട്ടിൽനിന്നു ഒലിച്ചുവന്നു കെ എന്ന പുഴയിൽ ചേരുന്നുണ്ടു്. ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർ ജലസേചന പദ്ധതിയിൽ വേണ്ട പരിശോധനകൾ തുടരുന്നതു നന്നായിരിക്കും. ഇതൊഴികെ, തോട്ടുവഴിയോ, കുളംവഴിയോ വെള്ളം കിട്ടുന്നതിന്നു യാതൊരു നിവൃത്തിയുമില്ല. പി. റിസർവ്വിലെ പൊട്ടകിണർ (22′×22′×22′) ഞങ്ങൾ പരിശോധിച്ചു. ഇതു പണ്ടു ഫോറസ്റ്റു് പഞ്ചായത്തുദാർമാർ കഴിച്ചതാണു്; പക്ഷെ വളരെക്കാലമായി ഉപയോഗശൂന്യമായി കിടക്കുകയാണു്.

അതു നിറയെ അട്ടക്കട്ടക്കായിട്ടുള്ള പാറകൾ നിറഞ്ഞതാണു്. ചിലയിടങ്ങളിൽ മണ്ണിന്നടിയിൽനിന്നുള്ള ഉറവുകൾ ഉണ്ടു്. 42 അടി ആഴത്തിലുള്ള ഒരു കിണർ കഴിക്കുന്നതിന്നു 1,500 ക. ചെലവു വരുമെന്നാണു് മൈനർ ഇറിഗേഷൻ ആഫീസരുടെ അഭിപ്രായം. 10 ഏക്കർ സ്ഥലത്തെ ജലസൌകര്യത്തിന്നായി ഒരു കിണർ മതി. ഈ തോതിൽ 80 കിണറുകൾ ആവശ്യമായിവരും. അതിന്നുള്ള ആകെ ചെലവു 1,20,000 ക. യാവും.

## വാസസൌകര്യം

ഡിസ്ത്രിക്ടു് ഹെൽത്തു് ഓഫീസർ ഈ മണ്ണു പരിശോധിച്ചു. അട്ടക്കട്ടക്കായുള്ള പാറകളുള്ള പ്രദേശത്തു പുരകൾപണിയുന്നതു അഭിലഷണീയമല്ലെന്നാണു് അദ്ദേഹം പറയുന്നതു്. ശവസംസ്കാരത്തിന്നുള്ള സൌകര്യം ഈ പാറപ്രദേശത്തു കുറവാണത്രേ. പിന്നീടു, കാട്ടുപ്രദേശത്തിന്നു 1½ മയിൽ അകലെയാണു് പി. റിസേർവ്വിലെ ഗ്രാമങ്ങൾ. ഗ്രാമം ഒന്നും രണ്ടും നമ്പർ പറമ്പിൻെറയും മൂന്നാം നമ്പർ പറമ്പിൻെറയും ഇടയിലാണു് സ്ഥിതിചെയ്യുന്നതു്. ഗ്രാമത്തിന്നു ചുററുപാടും വീട്ടുപണിയാൻ പററിയ സ്ഥലം ധാരാളമുണ്ടു്. ഡിസ്ത്രിക്ടു് ബോഡു് മുസാവരി ബംഗ്ലാവിനടുത്തുള്ള 13 ഏക്കർ ഗവമ്മേണ്ടു് സ്ഥലം ഈ ആവശ്യത്തിന്നു ഉപയോഗപ്പെടുത്താവുന്നതാണു്. ഇതിനെല്ലാം പുറമെ വരണ്ട നിലങ്ങൾ ആവശ്യമായിവരും. ഡി. എച്ച്. ഒ. താസിൽദാർക്കും റവന്യൂ ഓഫീസർമാർക്കും വീട്ടുപണിയുന്നതിന്നു തിരഞ്ഞെടുത്ത സ്ഥലങ്ങൾ കാണിച്ചുകൊടുത്തു. ഗൃഹനിർമ്മാണത്തിന്നുള്ള ഒരു ഏകദേശപദ്ധതികളും, ചെലവും തയ്യാറാക്കി അയക്കുന്നതിന്നു കലക്ടരോടു അപേക്ഷിക്കേണ്ടതാണു്. ഈ സ്ഥലങ്ങളിലുള്ള സൌകര്യങ്ങൾ—

(1) കുടിക്കുവാൻ നല്ല കിണർ വെള്ളമുണ്ടു്.

(2) താറിട്ട എൻ. ജി. റോഡിൻെറ വക്കിലാണു്.

(3) അടുത്തായി തന്നെ റെയിൽവേ സ്റ്റേഷനുണ്ടു്.

(4) ഒരു പോലീസ് സ്റ്റേഷൻ, പോസ്റ്റാഫീസ്, റൂറൽ ഡിസ്പെൻസറി, ബോഡു് സ്കൂൾ, ദേവാലയം ഇവയൊക്കെയുണ്ടു്.

(5) പട്ടാളക്കാരുടെ കുടുംബങ്ങൾക്കു ജോലി ലഭിക്കുന്നതിന്നു ഉപകരിക്കുന്നതിന്നു് നെയ്ത്തു തൊഴിൽ ശാലകൾ ഈ സ്ഥലത്തുണ്ടു്.

(6) ഈ ഗ്രാമവും, തൊട്ടുകിടക്കുന്ന വി. എം. എന്നീ ഗ്രാമങ്ങളും പി. അഗ്രഹാരവും ഏതാണ്ടു് 200 ആളുകളെ പട്ടാളത്തിലയച്ചിട്ടുണ്ടു്. തന്മൂലം പട്ടാളക്കാർ ഈ ഗ്രാമത്തിൽ പാർപ്പുറപ്പിക്കുന്നതു അവർക്കു ഇഷ്ടമാവുന്നതാണു്.

## വ്യവസായങ്ങൾ

കലക്ടർ 1944 ജൂൺ 29-ാംനു അയച്ച റിപ്പോർട്ടിൽ ഈ സ്ഥലം ആടുമാടുകളെ വളർത്തുന്നതിന്നു പററിയതല്ലെന്നും, കോഴിവളർത്തലിന്നു വളരെ നല്ലാണെന്നും കാണിച്ചിരിക്കുന്നു. പായുണ്ടാക്കുന്ന കുടിൽവ്യവസായത്തിന്നുള്ള നിർദ്ദേശവും ഈ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു.

## ആരോഗ്യം

മലമ്പനി തുടങ്ങിയ മററു ഗൌരവകരമായ രോഗബാധകളൊന്നും ഈ സ്ഥലത്തില്ല.

## കുടിക്കുവാനുള്ള വെള്ളം

പി. ഗ്രാമത്തിലെ വെള്ളം കോരിക്കുടിക്കാനുള്ള കിണറുകളുടെ ആഴം പരിശോധിച്ചു നോക്കിയതിന്നുശേഷം മൈനർ ഇറിഗേഷൻ സൂപ്രവൈസർ പറയുന്നതു് 42 അടി ആഴമുള്ള കിണർ കുഴിക്കുന്നതിന്നു 600 ക. മാത്രമെ വേണ്ടുവെന്നാണു്. വെള്ളം കോരുവാൻ എളുപ്പമാക്കുന്നതിന്നു കിണററിന്നു കപ്പിയും കയറും വേണം. ഡി. എച്ച്. ഒ. ഈ അഭിപ്രായത്തോടു യോജിക്കുന്നു.

## ഒരു സുമാർ കണക്കു്

**മൂലധന ചിലവു്.**

| | ക. |
|---|---|
| മണ്ണു കിളച്ചു്, കൃഷിക്കുപയുക്തമാക്കുന്നതിന്നു്. | 32,000 |
| ജലസൌകര്യം (80 കിണറുകൾ, ഒന്നിന്നു 1,500 ക. വീതം.) | 1,20,000 |
| 160 പട്ടാളക്കാർക്കു വീടുകൾക്കു (കല്ലും മററു നിർമ്മാണ സാമഗ്രികളും വിലക്കുറവുള്ളതുകൊണ്ടു ഒരോ വീട്ടിന്നു. 700ക. മതിയാവും.) | 1,12,000 |
| കുടിക്കുന്ന വെള്ളത്തിന്നുള്ള കിണർ. | 600 |
| ഓരോ ആൾക്കും പറമ്പിന്നു (6·32 ഏക്കർ ഏക്കറൊന്നിന്നു 200 ക. വില. കൊല്ലംതോറും 15% പാട്ടം.) | 1,454 |
| കോഴിവളർത്തുവാനുള്ള ഇടം, മററു കൈത്തൊഴിലുകൾ. | 5,000 |
| നിരത്തുകൾ, തെരുവുകൾ, അഴുക്കു ചാലുകൾ. | 5,000 |
| മററു ചിലവുകൾ .. .. | 1,000 |
| ആകെ .. | 2,77,054 |

## ആദായം

| | ക. |
|---|---|
| ഓരോ ടണ്ണിന്നും ക. 18-12-0 വീതം 600 ടൺ വിറകിന്നു്. | 11,250 |
| 160 വീടുകൾക്കു മാസംതോറും 1 ക. വീതം വാടക. | 1,920 (കൊല്ലം പ്രതി) |
| ഓരോ ഏക്കറിന്നു ക. 1-2-0 പ്രകാരം 800 ഏക്കർ, 5 കൊല്ലത്തിന്നു ശേഷം ഈടാക്കപ്പെടുന്ന നികുതി. | 900 |
| ആകെ .. | 14,070 |

ഒരു ഭടനുംവേണ്ടി സുമാർ വരുന്ന ചിലവു—1,731 ക.

കോപ്പറേററീവ് അടിസ്ഥാനത്തിലുള്ള ലാണ്ടു് കോളണൈസേഷൻ പദ്ധതി ഇപ്രകാരമാണു്. ഇവയാണു പിരിഞ്ഞുവരുന്ന പട്ടാളക്കാർക്കു പാർപ്പുറപ്പിക്കുന്നതിന്നുള്ള പ്രധാന വ്യവസ്ഥകൾ. പിരിഞ്ഞുവരുന്ന പട്ടാളക്കാർക്കു ജോലിയുണ്ടാക്കുന്നതിന്നുള്ള മാർഗ്ഗം ഇവമാത്രമല്ല. ഗവമ്മേണ്ടിൻെറ പരിശോധനയിൽ ചില വമ്പിച്ച പദ്ധതികൾ കൂടിയുണ്ടു്. പ്രത്യേകിച്ചും വയനാടു്, വിശാഖപട്ടണം എന്നീ സ്ഥലങ്ങളിൽ. അവിടങ്ങളിലും, പിരിഞ്ഞുവരുന്ന പട്ടാളക്കാർക്കു പാർപ്പുറപ്പിക്കുന്നതിന്നു സൌകര്യപ്പെടുത്താം. പട്ടാളക്കാർക്കു മാത്രമല്ല പ്രവൃത്തിയില്ലാത്ത അന്നാട്ടിലെ കൃഷിക്കാർക്കു കൂടി ഇതു ഉപയോഗകരമായിവരും. "കൂടുതൽ ഭക്ഷണസാമഗ്രികൾ ഉണ്ടാക്കുന്നതിന്നു"ള്ള പ്രസ്ഥാനത്തിന്നായി ഉപയോഗപ്പെടുത്തിവരുന്ന നിലങ്ങൾ കൂടിയുണ്ടു്. അവ പട്ടാളക്കാർക്കു പാട്ടത്തോതിൽ കിട്ടുന്നതായിരിക്കും.

# അവളുടെ മറുപടി

(ജി. പി. ശങ്കരമംഗലം)

(" ഗുണമേറും ഭർത്താവേ " എന്ന മട്ട്.)

I

" എഴുതിയോ ലേഖനം ? " എന്നുവീണ്ടും
നളിനി, തൻതോഴിയോടന്വേഷിച്ചു
അളവിയലാത്തുള്ള സ്നേഹമാധുരീ-
മിളിതമാം ഹൃദ്യമുഗ്ദ്ധസ്വരത്തിൽ
കുളിർമതിതോൽക്കും മുഖത്തു തോക്കാൽ-
കുളിരിളം പുഞ്ചിരിപ്പൂ വിരിച്ചും,
തളിരൊളിത്തൻകരത്താമരയാൽ-
നളിനിയെ നന്നായ്പ്പിടിച്ചുണച്ചും,
കളവാണിയുത്തരമോതി, " തോഴീ-
യെഴുതിയില്ലേതും ഞാനിത്ര നാളായ്,
കളിയല്ലാ, കാരണമെന്തോ തോഴീ
കഴിയുന്നതില്ല മേ കത്തെഴുതാൻ,
തൊഴുകയ്യുണ്ടെൻ തോഴീ പാഴിൽനിയെ-
ന്നഴലെഴും ചിത്തമിളക്കിടൊല്ലെ :
കണവനുകത്തൊന്നയച്ചിടാത്ത-
പ്രണയവിഹീനയെന്നോതിക്കൊള്ളൂ,
മറുപുറമുണ്ടതിന്നെന്നതേതും-
അറിയാത്തവർപോൽ നടന്നുകൊള്ളൂ,
പലവിധം കൊള്ളിവാക്കോതിയെന്നും-
അബലതൻ ചിത്തമെരിച്ചു കൊള്ളൂ,
അപരാധമൊക്കെ ഞാനേററു കൊള്ളാം,-
അപമാനമെന്നാൽ സഹിക്കവയ്യ "
അളിവേണിയാതപാൽ വാടിനിൽക്കും-
നളിനമെന്നോണം കുനിഞ്ഞു നിന്നു

II

മലരണിത്തോപ്പിലെ തെന്നൽവന്നാ-
കുലവധൂമൗലിയെയുമ്മവെച്ചു
മരനിരച്ചില്ലയിൽ പൈങ്കിളികൾ-
" കരവ " കളിട്ടിട്ടനുഗ്രഹിച്ചു
ഇലകളും മർമ്മരനർമ്മഗീതാൽ-
തെളിവിലത്തന്വിയെ യോമനിച്ചു
പരിഭവപൂർവ്വം നളിനിയോതി ;
" ശരിയല്ല ശാരദേ, നിൻെറ നീതി.
അരികൾ തൻമദ്ധ്യത്തിൽ, നിന്നെയോർത്തി-
ട്ടെരിപൊരികൊള്ളുമാ ഹൃത്തടവും,
അകളങ്കശോഭമാമപ്പൊൻ മുഖവും,
അനുരാഗവായ്പും നീയോർത്തുനോക്കൂ,
അനവധി വിഘ്നങ്ങൾ വെന്നുനിന്നെ-
പ്പരിണയം ചെയ്യൊരാ പ്രേമദാസൻ
അതിനുമേലപ്പതിനെത്തിനുള്ളിൽ-
ഗതനായി ദൂരത്തു നിൻനിയോഗാൽ
അയുതങ്ങൾ, എന്തെന്തു വാഞ്ഛകളാ-
പ്പുതുഭർത്തൃഹൃത്തിൽ മുളച്ചിരിക്കാം,
അവയൊക്കെയസ്സാധു നിർഹിതത്തെ-
യനുസരിച്ചാഹന്ത ! സന്ത്യജിച്ചു.
അനുനയമോതിനീയപ്പുമാനെ-
യടരടിച്ചീടാൻ പറഞ്ഞയച്ചു :
ശരിയല്ല ശാരദേ ; ചെയ്യുതൊന്നും-
മരിയാദയല്ലിതു ധർമ്മമല്ല :
കരഗതമായൊരക്കാഞ്ചനംനീ
കരിയെന്നപോലെ നിനച്ചുകഷ്ടം
ഒരുകുറി, നാലുവാക്കെ, ന്നുചേതം,
കുറളില്ലേ ; നീയൊരു നാരിയല്ലേ ;
കനകമാണെന്നു നിനച്ചു തീയ്യിൻ
കനലത്രേ ചൂടി, യാരാഗബദ്ധൻ
ഉരുകുന്നു തോഴീ മനസ്സെനിക്കാ-
പ്പുരമവിശുദ്ധനെ യോർത്തിടുമ്പോൾ
ശരിയല്ല ശാരദേ ; നിൻെറ ദുഷ്ട-
ചരിതത്തെയാരുമേ വാഴ്ത്തുകില്ലാ "

III

സഖിയുടെ നിഷ്ഠുരവാക്ക് ശരൗഘം-
സഹിയാഞ്ഞു ശാരദയോതീവേഗം
" മതി, മതി, തോഴീയധികമായ് നിൻ-
മദിരമഹാത്ഭുതവാക്യവർഷം
അബലയാണെങ്കിലും നീ നിനക്കും-
ചപല ഞാനല്ലെന്നറിഞ്ഞു കൊള്ളൂ
പ്രണയവും, ധർമ്മവും, ന്യായവും, സ്ത്രീ-
കണവനിൽക്കാണേണ്ട ദിവ്യതയും,
ഗുണവതീ ; നിന്നോളമിങ്ങുമുണ്ടെ-
ന്നണരേണ്ട കാലമതിക്രമിച്ചു :
അകളങ്കപ്രേമജലധിയാമെൻ-
ഹൃദയാധിനാഥനെയോർത്തു നിത്യം
ഉരുകുന്നഹൃത്തടം ചെററുപോലും
അറിയാതെ ജല്പിച്ചിരുന്നു കൊള്ളൂ
പതിയുടെ പാദസരോജപാംസു-
പരമാണുധാരണ ഭാഗധേയം
പരമമാംസൗഖ്യമായോർത്തിടും ഞാൻ
പതിവ്രതയല്ലെന്നുരച്ചുകൊള്ളൂ
പ്രണയത്തിൻ മത്തിനാൽ രാജ്യസേവ
തൃണമെന്നു തള്ളായ്കയാണുകുററം.
അരിവന്നു വാതിൽക്കൽ മുട്ടിടുമ്പോൾ
അനുരാഗകീർത്തനം നിൻെറ ന്യായം
മധുവിധുകാല മധുരിമകൾ
മഴവില്ലിൻ മഞ്ജിമയാർന്നതല്ലേ
ക്ഷണികമാം മഞ്ഞുനീർത്തുള്ളിയല്ലേ ?
പ്രണയത്തിന്നാദ്യസ്മിതമതല്ലേ ?
പ്രണിതയാമ്പ് ഞാനിവ കൈവരുവാ-
നണിയേണമെന്നോ നികൃഷ്ടപട്ടം ?

IV

പടയിങ്കൽപ്പാടവമോടെ ശത്രു-
പ്പടകളെപ്പാടെ യടക്കിടുന്നോൻ
പരിചെഴും വിക്രമവാരിധിയെൻ-
വരനെത്ര വന്ദ്യൻ ജഗൽപ്രതാപൻ,
പരിചിലെൻ നാഥനു പ്രേരണമെൻ
പരമാർത്ഥ കർത്തവ്യമല്ലേ തോഴീ ?
അചിരേണ ഘോരരണാങ്കണത്തിൽ
അരികളെയാകവേ കൊന്നൊടുക്കി
വിമലമാംകീർത്തി കിരീടം ചൂടി-
വിജയശ്രീലാളിതനെന്നും നാഥൻ
അതുകാലമീ രാജ്യമാകെയുമെൻ
പതിയുടെ പാദാബ്ജ പൂജചെയ്യും
മുടിചൂടും മന്നവനോടിവന്നാ-
പ്പുരയോധവര്യനു കൈകൊടുക്കും,
അതുലസന്തോഷഭരംഗമേവം
അനവധി മേൽക്കുമേൽ സംഭവിക്കും,
അഭികാമ്യമക്കാലജീവിതമെ-
ന്നഭിമാനദായകമായിരിക്കും ?
അവയെല്ലാമോർക്കുമ്പോളീ വിരഹ-
മണുതുല്യമല്ലയോ ചൊല്ലു തോഴീ :
അതുമാത്രമോർത്തു ഞാൻ കർത്തവ്യസ്സ്വാ-
നലസയായ് എന്നതാണെൻെറ സത്യം
ജനനഭൂസേവനം തോഴീ നമ്മൾ-
ക്കനഘമാം കർത്തവ്യകർമ്മമല്ലേ :
അഭികാമ്യമെൻറയവസ്ഥയിങ്കൽ
അഭിമാനിക്കേണ്ടവളാണു നീയും !
വിജയശ്രീയെന്നു മേഘസേവനമാം-
കനകവിമാനത്തിൽ സഞ്ചരിപ്പൂ.
അനുപമവീര്യ വിശുദ്ധഹൃത്തി-
ന്നടിമയായെന്നുമവൾ വസിപ്പൂ "

V

കനകവെന്നിക്കൊടിയെന്ന പോലെ-
ഘനവേണി ; തോഴി തൻമുന്നിൽനിന്നു
സുരഭില ശീതളവാതപോതം
സുരലോകഗാനങ്ങൾ പാടിയാടി.
ചലദലമർമ്മരാൽ മാമരങ്ങൾ-
കുലവധു മംഗളഗീത പാടി
പരിസര രംഗങ്ങളാകെയുമന്ത-
നവിമല സംഗീതത്തെയേററുപാടി
കുളിരിളംചന്ദ്രികച്ചാറിൽ മുങ്ങി-
ത്തെളുതെളെപ്പുഞ്ചിരിതൂകി ലോകം

(ശുഭം)

# റസ്സോ-ജർമ്മൻ യുദ്ധം

(ഒരു വിഹഗവീക്ഷണം)



മാർഷൽ സ്റ്റാലിൻ.

[റഷ്യയും ജർമ്മനിയുമായുള്ള യുദ്ധം ആരംഭിച്ചിട്ടു 3 കൊല്ലത്തിലധികമായി. ഈ യുദ്ധത്തിന്റെ ഭയാനകതയും, നഷ്ടങ്ങളും, ജർമ്മൻകാരുടെ ആദ്യത്തെ വിജയങ്ങളും, ഇപ്പോഴത്തെ പരാജയങ്ങളും ഈ ഡയറിയിൽ നോക്കിയാൽ മനസ്സിലാക്കാം. പ്രധാന സംഭവങ്ങളെ മാത്രമെ ഇവിടെ കാണിക്കുന്നുള്ളൂ. റഷ്യയെ ആറാഴ്ചയ്ക്കുള്ളിൽ പിടിക്കുമെന്നാണ് ഹിറ്റ്ലർ പറഞ്ഞത്. എന്നാൽ 160 ൽ അധികം ആഴ്ചകൾ കഴിഞ്ഞു. ഇപ്പോൾ ജർമ്മനിയിലേക്കു ചുവപ്പു സേന കടന്നിരിക്കുന്നു!

ഈ യുദ്ധത്തിൽ സോവിയറ്റു സേനകളുടെ സേവനമെത്രമാത്രമാണെന്നു പറഞ്ഞറിയിക്കേണ്ട. സംഭവങ്ങളും ഭൂപടവും സൂക്ഷിച്ചാൽ അതു വ്യക്തമാവും. റഷ്യൻ ജനത അവരുടെ നാട്ടിലെ ഓരോ ഇഞ്ച് സ്ഥലത്തിന്നും നിന്നു പൊരുതി. അത്രയധികം കഷ്ടതസഹിച്ചും, ശത്രുവിനെ നാട്ടിൽനിന്നു അടിച്ചുപായിച്ചു. അതുകൊണ്ടും അവർ സംതൃപ്തരായില്ല. ഇന്നു യൂറോപ്പിനെ സ്വതന്ത്രമാക്കുന്നതിന്നു ഉത്സാഹപൂർവ്വം ഊർജ്ജസ്വലമായി പങ്കെടുക്കുന്നു. ബാൾക്കൻ രാഷ്ട്രങ്ങളിൽനിന്നു അവസാനമായി ശത്രു ഓടാനുള്ള ലക്ഷണങ്ങൾ കാണുന്നു. ഏതായാലും സ്വതന്ത്രലോകത്തിന്നു, പ്രത്യേകിച്ചു യൂറോപ്പിന്നു റഷ്യയോടുള്ള കടപ്പാടു കുറച്ചൊന്നുമല്ല.]

## 1941

ജൂൺ 22-ാംനു: ജർമ്മനിയെ റഷ്യയെ ആക്രമിക്കുന്നു.

ജൂലായി 12-ാംനു: ഹിറ്റ്ലറിന്റെ ജർമ്മനിക്കു എതിരായിട്ടുള്ള ആംഗ്ലോ-റഷ്യൻ ഉടമ്പടി.

20-ാംനു: സ്റ്റാലിൻ രാജ്യരക്ഷാ വകുപ്പിന്റെ കമ്മിസ്സറാവുന്നു.

സപ്തെമ്പർ 10-ാംനു: ജർമ്മൻകാർ കീവ് കയ്യിലാക്കുന്നു.

ഒക്ടോബർ 8-ാംനു: ഓറൽ വിട്ടു പിന്മാറി എന്നു റഷ്യക്കാർ പ്രസ്താവിക്കുന്നു.

16-ാംനു: ഒഡീസയിൽനിന്നും റഷ്യക്കാർ പിന്മാറുന്നു.

20-ാംനു: സോവിയറ്റ് ഗവർമ്മേണ്ട് ക്യൂബിഷേവിലേക്കു മാറി എന്നു റിപ്പോർട്ട്; സ്റ്റാലിൻ മോസ്കോവിൽ തന്നെ.

24-ാംനു: ജർമ്മൻകാർ കാർക്കോവ് പിടിക്കുന്നു.

നവെമ്പർ 1-ാംനു: ക്രിമിയയുടെ തലസ്ഥാനമായ സിംഫർപൂൾ ജർമ്മൻകാർ കൈവശപ്പെടുത്തുന്നു. പുതിയ ചീഫ് സ്റ്റാഫായി മാർഷൽ ഷാപ്പോഷ്ണിക്കോവിനെ ഉയർത്തുന്നു.

14-ാംനു: മോസ്കോവിന്റെ വടക്കുനിന്നും തെക്കുനിന്നും റഷ്യൻകാർ ശത്രുക്കളെ അടിച്ചോടിക്കുന്നു.

22-ാംനു: ജർമ്മൻകാർ റസ്റ്റോവിൽ പ്രവേശിക്കുന്നു.

26-ാംനു: ഉക്രേയിനിൽ മാർഷൽ ടിമോഷെൻകോ 70 നാഴിക മുന്നോട്ടുകയറുന്നു.

28-ാംനു: റഷ്യക്കാർ റസ്റ്റോവ് തിരിച്ചുപിടിക്കുന്നു. ജർമ്മൻസേന പിന്നോട്ട്.

ഡിസെമ്പർ 10-ാംനു: പൌരസ്ത്യരംഗത്തിൽ റഷ്യക്കാരുടെ ആക്രമണ സംരംഭം.

16-ാംനു: ജർമ്മൻകാർ റഷ്യൻ രംഗത്തിലെങ്ങും പിന്മാറുന്നു. മോസ്കോ പിടിക്കാനുള്ള ശ്രമം വിഫലമായി.

19-ാംനു: ഹിറ്റ്ലർ, റഷ്യൻ രംഗത്തിലെ സൈന്യാധിപത്യം നേരിട്ടെടുക്കുന്നു.

## 1942

ജനുവരി 18-ാംനു: മാർഷൽ ടിമോഷെൻകോ 65 മയിൽ മുന്നോട്ട്!

ഫിബ്രുവരി 24-ാംനു: 96,000 ഭടന്മാർ വരുന്ന 14-ാം ജർമ്മൻസേനയെ റഷ്യക്കാർ വളയുന്നു.

മാർച്ച് 1-ാംനു: ക്രിമിയയിൽ പുതിയ റഷ്യൻ പ്രത്യാക്രമണം.

മേയി 13-ാംനു: കാർക്കോവ് മുനയിൽ റഷ്യൻ ആക്രമണം.

26-ാംനു: യുദ്ധത്തിന്നിടയ്ക്കും പിറകും 20 കൊല്ലത്തോളം പരസ്പര സഹായം വാഗ്ദത്തം ചെയ്യുമെന്നുള്ള ബ്രിട്ടീഷ്-റഷ്യൻ ഉടമ്പടി.

ജൂൺ 10-ാംനു: വോൺ ബോക്ക് പുതിയ ജർമ്മൻ ആക്രമണം ആരംഭിക്കുന്നു.

ജൂലായി 1-ാംനു: ജർമ്മൻകാർ സെബാസ്റ്റപ്പൂൾ നഗരവും കോട്ടയും തുറമുഖവും കൈവശപ്പെടുത്തുന്നു.

27-ാംനു: റഷ്യക്കാർ റസ്റ്റോവിൽനിന്നു ഒഴിച്ചുമാറുന്നു.

ആഗസ്റ്റ് 9-ാംനു: ജർമ്മൻകാർ മുന്നോട്ടുകയറുന്നതനുസരിച്ചു കോക്കസസ്സിൽനിന്നു റഷ്യക്കാർ പിൻവാങ്ങുന്നു.

21-ാംനു: കോക്കസസ്സിൽ ജർമ്മൻകാർ വീണ്ടും മുന്നോട്ട്. സ്റ്റാലിൻഗ്രാഡ് മുനയിൽ കഠിന സമരം.

സപ്തെമ്പർ 16-ാംനു: സ്റ്റാലിൻഗ്രാഡിന്റെ പരിസരങ്ങളിൽ ഭയങ്കര യുദ്ധം.

23-ാംനു: സ്റ്റാലിൻഗ്രാഡിന്റെ വടക്കു പടിഞ്ഞാറു റഷ്യൻ ആക്രമണം.

ഒക്ടോബർ 18-ാംനു: സ്റ്റാലിൻഗ്രാഡിൽ കഠിന യുദ്ധം.

നവെമ്പർ 22-ാംനു: സ്റ്റാലിൻഗ്രാഡിലെ ആക്രമണത്തെപ്പറ്റി റഷ്യക്കാർ പ്രസ്താവിക്കുന്നു.

29-ാംനു: തുടരെത്തുടരെയുള്ള റഷ്യൻ ആക്രമണങ്ങൾ. 66,000 തടവുകാർ, 1,897 ടാങ്കുകൾ, 2,000 തോക്കുകൾ ഇവ റഷ്യക്കാർ നവെമ്പർ 19-ാംനു ശേഷം ജർമ്മനിക്കാരിൽ നിന്നു പിടിച്ചെടുക്കുന്നു.

ഡിസെമ്പർ 16-20-ാംനു: ഡോൺ മുനയിൽ 60 മയിൽ യുദ്ധരംഗം റഷ്യക്കാർ ഏല്പെടുത്തുന്നു. 13,500 ജർമ്മൻ തടവുകാർ പിടിക്കപ്പെട്ടു.

31-ാംനു: സ്റ്റാലിൻഗ്രാഡിലെ ജർമ്മൻ പട്ടാളം മുഴുവനും പിന്നോട്ട്.



എം. മൊളോട്ടോവ്.

## 1943

ജനുവരി 1-ാംനു : ഭയങ്കരസമരത്തിനുശേഷം റഷ്യക്കാർ വെലികിയി ലൂകി പിടിച്ചെടുക്കുന്നു.

3-ാംനു : കോക്കസസ്സിൽ മസ്ഡോക്കും മാൽഗോവേക്കും റഷ്യക്കാർ തിരിച്ചു പിടിക്കുന്നു.

30-ാംനു : സ്റ്റാലിൻഗ്രാഡിൽ റഷ്യൻ വിജയം. ജർമ്മൻ സേനയിലെ ഫീൽഡ് മാർഷൽ പാലൂസും, 16 ജനറൽമാരും കീഴടങ്ങുന്നു.

ഫിബ്രുവരി 2-ാംനു: സ്റ്റാലിൻഗ്രാഡിൽ കൂടുതൽ ജർമ്മൻ സേനകൾ കീഴടങ്ങുന്നു.

8-ാംനു : റഷ്യക്കാർ കർസ്ക് തിരിച്ചെടുക്കുന്നു.

12-ാംനു : ക്രാസ്നോഡർ, റഷ്യക്കാരുടെ കയ്യിൽ.

14-ാംനു : വൊറോഷിലോവ്ഗ്രാഡും, റസ്റ്റോവും വീണ്ടും റഷ്യക്കാർ കൈപ്പററുന്നു.

15-ാംനു : ഖാർക്കോവ് റഷ്യക്കാരുടെ അധീനത്തിൽ.

മാർച്ച് 12-ാംനു : വ്യാസ്മ റഷ്യക്കാർ പിടിക്കുന്നു.

15-ാംനു : റഷ്യക്കാർ ഖാർക്കോവിൽനിന്നു ഒഴിച്ചുപോവുന്നു.

ജൂലായി 5-ാംനു : ഓറൽരംഗത്തിൽ ജർമ്മൻ ആക്രമണം.

ആഗസ്റ്റ് 4-ാംനു : റഷ്യക്കാർ ഓറൽ പിടിക്കുന്നു.

6-ാംനു : ഖാർക്കോവിന്നുനേരെ പുതിയ റഷ്യൻ യുദ്ധം.

23-ാംനു : ഖാർക്കോവ് തിരിച്ചു പിടിച്ചതായി മാർഷൽ സ്റ്റാലിൻ പ്രസ്താവിക്കുന്നു.

30-ാംനു : ടഗൻറോഗ് റഷ്യക്കാരുടെ വശം.

സപ്തംബർ 11-ാംനു : ടഗൻറോഗ് പരിസരത്തിലുള്ള ജർമ്മൻ സേനയെ നശിപ്പിക്കുന്നു.

17-ാംനു : ബ്രിയാൻസ്ക് പിടിച്ചതായി സ്റ്റാലിൻ പ്രസ്താവിക്കുന്നു.

25-ാംനു : സ്മോളൻസ്ക് പിടിച്ചതായി മോസ്കോവിൽനിന്നു പ്രത്യേക സന്ദേശം.

ഒക്ടോബർ 7-ാംനു : പുതിയ റഷ്യൻ ആക്രമണം. മൂന്നിടങ്ങളിൽ നിപ്പർ നദി കടന്നു.

23-ാംനു : റഷ്യക്കാർ മെലിടോപോൾ പിടിക്കുന്നു.

നവെമ്പർ 6-ാംനു : കീവ് വീണ്ടും റഷ്യക്കാരുടെ കൈവശം.

26-ാംനു : ചുവപ്പുസേന ഗോമൽ കൈവശപ്പെടുത്തുന്നു.

29-ാംനു : ചർച്ചിൽ സ്റ്റാലിന്നു "സ്റ്റാലിൻഗ്രാഡിന്റെ ഖഡ്ഗം" ടഹ്റാനിൽവെച്ചു സമ്മാനിക്കുന്നു.

ഡിസെമ്പർ 15-ാംനു : നിഷ്ഠുരതകൾ ചെയ്ത ജർമ്മൻകാരെ ഖാർക്കോവിൽവെച്ചു വിചാരണ നടത്തുന്നു.

31-ാംനു : റഷ്യക്കാർ സോട്ടിമോർ തിരിച്ചു പിടിക്കുന്നു.

## 1944

ജനുവരി 4-ാംനു : ചുവപ്പുസേന പഴയ പോളിഷ്-റഷ്യൻ അതൃത്തി കടക്കുന്നു. ജർമ്മൻകാർ ചിന്നിച്ചിതറി പിൻവാങ്ങുന്നു.

6-ാംനു : വമ്പിച്ച രീതിയിൽ റഷ്യക്കാർ ഉക്രേയിനിൽ പുരോഗമിക്കുന്നു.

8-ാംനു : ജനറൽ കൊനീവ് കിറോവ്ഗ്രാഡ് കൈപ്പററുന്നു.

12-ാംനു ജനറൽ വട്ടൂട്ടിൻ സാർണി പിടിച്ചെടുക്കുന്നു.

18-ാംനു : ലനിൻഗ്രാഡ് ജർമ്മൻ ബ്ലോക്കേഡിൽനിന്നു തികച്ചും സ്വാതന്ത്ര്യമായി.

ഫിബ്രുവരി 3-ാംനു : ചുവപ്പുസേന എസ്റ്റോണിയയിൽ.

13-ാംനു : റഷ്യക്കാർ റീഗ പിടിച്ചെടുക്കുന്നു.

17-ാംനു : കാനീവ്രംഗത്തിൽ 52,000 ജർമ്മൻകാർ കൊല്ലപ്പെട്ടു 11,000 പേരെ തടവുകാരാക്കി.

മാർച്ച് 18-ാംനു : റസ്സോ-ജർമ്മൻ യുദ്ധത്തിന്റെ 1000-ാം ദിവസം സർവ്വമുനകളിലും ശത്രുവിന്റെ പിൻവാങ്ങൽ.

26-ാംനു : ചുവപ്പു സേന റുമേനിയൻ അതൃത്തിയിൽ.

ഏപ്രിൽ 3-ാംനു: റഷ്യൻസേന റുമേനിയയിൽ കടക്കുന്നു.

8-ാംനു: റഷ്യക്കാർ ചക്കൊസ്ലോവാക്ക്-റുമേനിയൻ അതൃത്തിയിൽ.

10-ാംനു : ഒഡീസ വീണ്ടും റഷ്യക്കാർ വശം.

14-ാംനു : ജനറൽ വട്ടൂടിൻ ചരമമടയുന്നു.



മാർഷൽ ബ്യുഡിനി



മാർഷൽ ഗവറോവ്

മെയി 9-ാംനു : സെബാസ്റ്റപ്പൂൾ റഷ്യക്കാർ പിടിക്കുന്നു. 20,000 ജർമ്മൻകാർ വധിക്കപ്പെട്ടു, 24,000 തടവുകാരാക്കി. ക്രിമിയ മുഴുവനും സ്വാതന്ത്ര്യമാവുന്നു.

20-ാംനു : ബ്രിട്ടനിൽനിന്നു 250,000 ടൺ സാമാനങ്ങൾ യാതൊരു നഷ്ടവുംകൂടാതെ റഷ്യയിലെത്തുന്നു.

23-25-ാംനു: സോവിയററ് വൈമാനികർ ശത്രുസ്ഥലങ്ങളിൽ ബോംബിടുന്നു. 30 ശത്രുവിമാനങ്ങൾ വെടിവെച്ചു വീഴ്ത്തപ്പെട്ടു.

ജൂൺ 10-ാംനു : കറേലിയൻ ഇസ്ത്മസ്സിൽ റഷ്യൻ ആക്രമണം.

18-ാംനു : മാനർഹിം നിര ഭേദിക്കപ്പെട്ടു.

22-ാംനു: മൂന്നു കൊല്ലത്തെ യുദ്ധത്തിൽ സോവിയററ് രംഗത്തിൽ ജർമ്മൻകാർക്കു പററിയ നഷ്ടങ്ങൾ—7,800,000 പട്ടാളക്കാർ വധിക്കപ്പെടുകയും തടവുകാരാക്കിപ്പിടിക്കയും ചെയ്യപ്പെട്ടു; 70,000 ടാങ്കുകളും 60,000 വിമാനങ്ങളും 90,000 തോക്കുകളും നഷ്ടപ്പെട്ടു.

ജൂലായി 1-ാംനു : ഫിന്നിഷ് മുനയിലെ ജർമ്മൻ ജനറൽ കീററൽ മരിച്ചതായി വെളിപ്പെടുന്നു.

11-ാംനു: ചുവപ്പുസേന ലാററിവയിൽ പ്രവേശിക്കുന്നു.

13-ാംനു: റഷ്യക്കാർ ലിത്വേനിയയുടെ തലസ്ഥാനനഗരം പിടിക്കുന്നു.

17-ാംനു : ഈസ്റ്റ് പ്രഷ്യയുടെ അരികിലേക്കു ചുവപ്പുസേന അടുക്കുന്നു.

24-ാംനു : ലൂബ്ലിൻ റഷ്യക്കാർ പിടിക്കുന്നു. വാർസയിലേക്കുള്ള മുന്നോട്ടു കയററം.

27-ാംനു: പോളീഷ് പ്രധാനമന്ത്രി മോസ്കോവിൽ.

28-ാംനു: സ്റ്റാലിൻ പോളിഷ് വിമോചനക്കമ്മിററിയിലെ അംഗങ്ങളെ കാണുന്നു.

ആഗസ്റ്റ് 2-ാംനു: ജർമ്മൻ പട്ടാളം ഫിൻലണ്ടിൽ നിന്നു് പിൻവാങ്ങുവാനുള്ള ആരംഭം.

5-ാംനു: സോവിയററ് സേനകൾ ഈസ്റ്റ് പ്രഷ്യയിൽ പ്രവേശിക്കുന്നു.

18-ാംനു: ജർമ്മനികുള്ളിൽ റഷ്യൻസേന. ജർമ്മനികുള്ളിൽകിടന്ന ജർമ്മൻകാർ മരിക്കുന്നു.

21-ാംനു: റുമേനിയൻരംഗത്തിൽ റഷ്യക്കാരുടെ ഭയങ്കര ആക്രമണം.

25-ാംനു: റുമേനിയയും ജർമ്മനിയും കൂടെ യുദ്ധം. റുമേനിയൻ പ്രധാനമന്ത്രി അറസ്റ്റിൽ. റുമേനിയാ സമാധാനത്തിന്നാവശ്യപ്പെടുന്നു.

സപ്തെമ്പർ 3-ാംനു: ഫിന്നിഷ് പ്രധാനമന്ത്രിയും സമാധാനത്തിന്നർത്ഥിക്കുന്നു.

6-ാംനു: റഷ്യൻ സേന ബൾഗേറിയയിൽ. ബൾഗേറിയ ജർമ്മനിയുമായി ബന്ധം വേർപെടുത്തുന്നു.

19-ാംനു: റഷ്യയും ഫിൻലാണ്ടും തമ്മിൽ സമാധാന ഉടമ്പടി ഒപ്പുവെക്കുന്നു.


ഒക്ടോബർ 1-ാംനു: യൂഗോസ്ലാവിയയിൽ റഷ്യൻ സേന മുന്നോട്ടു.

7-ാംനു: ബൽഗ്രേഡ് വിമോചിപ്പിക്കാൻ സമരം. ഭാവികാര്യങ്ങളെപ്പററി മോസ്കോവിൽവെച്ചു് ചർച്ചിൽ, സ്റ്റാലിൻ, ഏഡൻ മൊളോട്ടോവ് എന്നിവർ കൂടിയാലോചന നടത്തുന്നു.

13-ാംനു: ഈസ്റ്റ് പ്രഷ്യയിലേക്കു ഭയങ്കര ആക്രമണം.

18-ാംനു: ബൽഗ്രേഡ് സ്വതന്ത്രമാക്കി: ടിറേറായിൻെറ പട്ടാളവും ചുവപ്പുസേനയും കൂട്ടിമുട്ടുന്നു. ട്രാൻസിൽവാനിയാ മുഴുവനും സ്വതന്ത്രമായി.

28-ാംനു: ഈസ്റ്റ് പ്രഷ്യയിൽ 3,000 ഭടന്മാരും 100 ടാങ്കുകളും ജർമ്മൻകാർക്ക് നഷ്ടം. വടക്കൻ ഹങ്കറിയിൽ സോവിയററുസേന മുന്നോട്ടു ചെക്കോസ്ലൊവാക്യയിലെ പ്രധാന റയിൽവെപ്പാത റഷ്യക്കാർവശം.



മാർഷൽ ടിമോഷിങ്കൊ

(3-ാം പേജിൽനിന്നു തുടർച്ച)

## ആംഗ്ലോ-സോവിയററ് കൂട്ടുകെട്ട്

റഷ്യൻ സേനകളുടെ മുന്നോട്ടുള്ള കയററം കുതിച്ചുപായുന്ന ഒരു പ്രവാഹം മാതിരിയാണു്. കുറച്ചു മാസങ്ങൾക്കുമുമ്പാണു് അവർ റുമേനിയയിൽ പ്രവേശിച്ചതു്. ബാൾക്കൻ രാഷ്ട്രങ്ങൾ മുഴുവനും ശത്രുവിൻെറ സ്വാധീനത്തിൽനിന്നു തകർന്നുതുടങ്ങിയിരിക്കുന്നു. ഇന്നു ചുവപ്പുസേന ഹങ്കറിയുടെ തലസ്ഥാനനഗരിൽ ലക്ഷ്യം ചെയ്തു പോകുന്നു; നോർവേക്കാരുടെ സഹായത്തോടുകൂടെ നോർവ്വേയുടെ വിമോചനം സമാരംഭിച്ചു മാത്രമല്ല, അവർ ഈസ്റ്റ് പ്രഷ്യയിലേക്കു തള്ളിക്കയറുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ ഞായറാഴ്ച ബൽഗ്രേഡിൽവെച്ചു് മാർഷൽ ടിറേറാ യൂഗോസ്ലാവ് തലസ്ഥാന നഗരിയുടെ വിമോചനം ആഘോഷിച്ചു. ഈ ആഘോഷത്തിൽ റഷ്യയും ബ്രിട്ടനും കൃതജ്ഞത പ്രകടിപ്പിക്കുകയുണ്ടായി.

ഈ യുദ്ധം എല്ലാരിലും അന്യോന്യവിശ്വാസം അങ്കുരിപ്പിച്ചിട്ടുണ്ടു്. ബ്രിട്ടനും റഷ്യയുമായി അതു ഒരു അഭേദ്യമായ സുഹൃൽബന്ധം സ്ഥാപിച്ചിരിക്കുന്നു. യുദ്ധകാലത്തും അതേപോലെതന്നെ അതിന്നുശേഷവും സൌഹാർദ്ദവും സഹകരണവും നിലനില്ക്കണമെന്ന പ്രത്യാശയോടെ ഞങ്ങൾ, സോവിയററ് ജനങ്ങൾക്കു അവരുടെ മഹാനായ നേതാവ് മാർഷൽ സ്റ്റാലിനും, ഈ ദേശീയദിനാഘോഷവേളയിൽ വന്ദനം പറഞ്ഞുകൊള്ളുന്നു.

അരിയ്ക്കു സാവേശം നീ
യരിയ്ക്കു, വീണ്ടും വീണ്ടും,
അരിതൽ നിരകളെ-
യരിവാംത്തലപ്പിനാൽ !
ചുററിലായ്മുററും മലി-
ച്ചാത്തിടും മട്ടനരെ,
ചുററിയാൽ തല്ലിത്താഴ്ത്തൂ !
ചെററിട തെററീടാതേ !



മനുഷ്യരല്ല, പാവകളാണിതു്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLIHSED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.